വേദപ്രചാര

മദ്ധ്യസ്ഥൻ.



പുസ്ത. ൧) ഫൻവരി മാസ്സ് (ലക്കം ൧.

Liscence No. 183.

വിഷയവിവരണിക.

ക. മാർ യൗസേപ്പിൻ സ്തുതി
(ദിവ്യശ്രീ ചാലങ്ങാടി തോമ്മാ കത്തനാർ)

ഖ. മഹാത്മാവായ മാർ യൗസേപ്പിന്റെ ജീവചരിത്രം.
(റൈറ്റു റവ: ഡോക്ടർ ജെയിംസ് കാളാശേരി)

ഗ. സംഘബലം
(പത്രാധിപർ)

ഘ. അനുഗ്രഹക്കൊന്തയെക്കുറിച്ച്
(റവ. മാത്യു ആലക്കളം.)

ങ. ഏകസ്വഭാവവാദം
(ഫാ-പ്ലാസിഡ് ഠറി. ഒ. സി. ഡി.
പി. എച്ച്; ഡി.ഡി. ഡി; ഡി. സി. എൽ.)

ച. അതിശയനീയനായ ഒരു തൊഴിലാളി
(ശ്രീമാൻ എം. എം. കുഞ്ഞൻ.)

ഛ. കുസ്തിക്കുമ്പു. (ഒരു പ്രഹസനം)
(ശ്രീമാൻ പി. ഉലഹന്നൻ മാപ്പിള ബി. എ.)

ജ. കത്തോലിക്കാ വിദ്യാഭ്യാസം
(K. K.)

ഝ. ഫലിതോക്തി.

ഞ. കത്തോലിക്കാ ചരിത്രം.

ട. പ്രസാദക പ്രഭാഷണങ്ങൾ.

ഠ. ഉപകാരസ്മരണ.

ഡ. പഞ്ചാംഗം

ഢ. പരസ്യങ്ങൾ.

മാർയൌസേപ്പിൻ സ്തുതി.

(ചാലങ്ങാടി തോമ്മാകത്തനാർ.)

ഭൂവിലേറംപ്യാരിയോടെ, Or മുനിമാരിൽശ്രേഷ്ഠനായ എന്നമട്ട്.

൧. ദാവീദിൻറെവംശജനാം-ദൈവപുത്രൻകാവൽക്കാരാ
സേവിതൻമാരായ് അങ്ങെടാ സരെ-കാത്തു
ജീവിതകാലത്തിലെന്നും പാലിക്ക

൨. ഉന്നതനാംനിൻപുത്രനും-കന്നിമാതാവിൻകാന്തനും
നിന്നെത്തേടിയവരിലൊരുത്തരും--വൃഥാ
മന്നിടെകാണുകയില്ല നിശ്ചയം.

൩. നക്ഷത്രവെളിച്ചംകണ്ടു്-രക്ഷകനെകാൺമാനായി
അക്ഷമന്മാരായ പൂജരാജാക്കളെ -നീ
പക്ഷമോടെ സഹിക്കരിച്ച ജോസഫെ!

൪. പുത്രനായയേശുവിങ്കൽ തത്രവന്നുചേരുവാനും
ശത്രുവോട് പൊരുതുവാൻ നീസഹായിക്ക
ധാത്രിയിൽജീവിത നാളുകളിലും

൫. മുക്തിയടഞ്ഞിടുന്ന നിൻ ഭക്തരായദാസരേനീ
ശക്തിയായിതുണക്കണമെ യൗസേപ്പെ!-എന്നും
ഭക്തിയായി ജീവിക്കാനുംപ്രാർത്ഥിക്ക.

൬. പാപികളാംഞങ്ങളുടെ പാപവഴിഅകറുവാൻ
താപത്തോടേ പുണ്യത്തിനാഗ്രഹത്തെയുംവാങ്ങി
വ്യാപരിക്കാൻ കൃപചെയ്യുജോസേപ്പെ!

൭. ഓക്കതാത!നിൻസുതരെ കാക്കതാതാ!ഈഭൂമിയിൽ
ചേക്കതാതാ!ഭാഗ്യവാന്മാരുടെക്കൂട്ടത്തിൽ
പാക്കുവതിനുള്ളഭാഗ്യംവാങ്ങുക!

മഹാത്മാവായ മാർ യൌസേപ്പിന്റെ

ജീവചരിത്രം.

അദ്ധ്യായം ൨൨.

൧. അന്യോന്യസ്നേഹം—മാലാഖായുടെ ആഗ്രഹംപോലെ പരിശുദ്ധമറിയത്തിനു ദൈവം നൽകിയിരിക്കുന്ന വിശിഷ്ടജ്ഞാനങ്ങളെപ്രതി, അയാൾ നന്ദിയറിഞ്ഞ മനസ്സോടെ ദൈവത്തെസ്തുതിച്ചു. അവന്റെഹൃദയത്തിൽഈ ബാലികയുടെ പരിശുദ്ധമായസ്നേഹം ആ ക്ഷണംമുതൽ കത്തിജ്വലിക്കുവാൻ തുടങ്ങി. സ്നേഹത്തിന്റെ ആകർഷണശക്തിയാൽ പരിശുദ്ധമറിയത്തിന്റെ വാസസ്ഥലമായിരുന്ന ദേവാലയത്തിലേക്ക് പലപ്രാവശ്യം മുമ്പത്തേക്കാൾ കൂട്ടുതലായി പൊയ്ക്കൊണ്ടിരുന്നു. എങ്കിലും ഒരിക്കലെങ്കിലും ആ വിശുദ്ധയെ അവൻ സന്ദർശിച്ചില്ല. അധികമധികം ദൈവാനുഗ്രഹങ്ങൾ മറിയത്തിനു സുലഭമാകുന്നതിനു ദൈവത്തോടുപ്രാർത്ഥിക്കമാത്രമാണ് ദേവാലയസന്ദർശനാവസരങ്ങളിലവൻചെയ്തിരുന്നതു്. പരിശുദ്ധമറിയവും ദൈവത്തോന്നിപ്പാൽ പുണ്യയോഗ്യതയുള്ള യൌസേപ്പിന്റെ ചരിത്രമറിഞ്ഞു ദൈവത്തെ സ്തുതിക്കയും അവനുവേണ്ടി പ്രത്യേകം അപേക്ഷിക്കുകയും ചെയ്തുവന്നു. എന്നാൽ പരിശുദ്ധമറിയത്തിനു യൌസേപ്പിനെ കാണുന്നതിനു സാധിച്ചിട്ടില്ലായിരുന്നു. തനിക്കുവേണ്ടി ഈ പരിശുദ്ധബാലിക അപേക്ഷിക്കുന്നുണ്ടെന്നു് മാലാഖായുടെവെളിപാടാൽ നമ്മുടെ യൌസേപ്പു് ഗ്രഹിച്ചിരുന്നു. അപ്രകാരംതന്നെ മറിയത്തിനുവേണ്ടി യൌസേപ്പും അപേക്ഷിക്കുന്നുണ്ടെന്നു് ആ പരിശുദ്ധബാലികയും മനസ്സിലാക്കിയിരുന്നു.

൨. നിത്യവ്രതം—ഒരുദിവസം മാലാഖാ ഇപ്രകാരം പറയുകയുണ്ടായി; "അവുസേപ്പേ, ഇതാ നമ്മുടെമറിയം, തന്നെത്തന്നെ സർവ്വേശ്വരനു മുഴുവനായി അർപ്പിച്ചുകൊണ്ടു് കന്യാവ്രതം നിത്യമായി നേർന്നിരിക്കുന്നു. തന്നിമിത്തം ദൈവം അവളിൽ അത്യന്തം പ്രസാദിച്ചിരിക്കുന്നു." തനിക്കും അപ്രകാരംതന്നെനി

ത്യവ്രതം അനുഷ്ഠിക്കണമെന്നു് യെഹൂസേപ്പു നിശ്ചയിച്ചു. എങ്കിലും ദൈവതിരുമനസ്സറിയുന്നതിനു് അവൻ ദേവാലയത്തിൽ പോയി പ്രാർത്ഥിച്ചു. ഇങ്ങനെ പലപ്രാവശ്യം പ്രാർത്ഥിച്ചതിന്റെ ഫലമായി, നിത്യകന്യാവ്രതം അനുഷ്ഠിക്കുന്നതു് ദൈവത്തിനു ഏറ്റവും ഇഷ്ടമുള്ളതാണെന്നു്, ദൈവം യെഹൂസേപ്പിനെ അറിയിച്ചു. ഉടനെ ഏറ്റവും സന്തോഷത്തോടുകൂടി നിത്യകന്യാവ്രതം നേർന്നുകൊണ്ടു സ്വയം ദൈവത്തിനു അർപ്പിച്ചു. സർവ്വേശ്വരനു് യെഹൂസേപ്പിന്റെ നേർച്ച ഇഷ്ടപ്പെട്ടുവെന്നു രാത്രിയിൽ മാലാഖാ യെഹൂസേപ്പിനെ അറിയിച്ചു.

സംഘബലം

(പത്രാധിപർ)

പഴയകാലങ്ങൾ പോയി പുതിയപുതിയ കാലാവസ്ഥകളും ഭരണാവലംബനകളും ആവിർഭവിക്കുന്ന ഒരവസരമാണല്ലോഇതു്. ഇൻഡ്യാമഹാരാജ്യത്തെ സംബന്ധിച്ചിടത്തോളം ഈയിടെ ലണ്ടനിൽകഴിഞ്ഞുകൂടിയ വട്ടമേശസമ്മേളനംമൂലം പരിവർത്തനപരമായ രീതിയിൽ ഭരണാവലംബനാസംബന്ധമായ വ്യത്യാസങ്ങൾ ഉണ്ടാകുന്നതാണു്. അക്രൈസ്തവരായ ജനസാമാന്യത്താൽ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ കേവലം സ്വതന്ത്രമായവിധത്തിൽ മേലിൽ ഭരണചക്രത്തെ നയിക്കാനിടയുണ്ടു്. വെറും ന്യൂനപക്ഷസമുദായക്കാരായ ക്രിസ്ത്യാനികൾക്കു് ഇന്നിയും ഉണ്ടാകുവാനിരിക്കുന്ന ഭരണവ്യവസ്ഥയിൽ ഏതൊരു വിധത്തിലുള്ള സ്ഥാനമാണു സിദ്ധിക്കുന്നതു് എന്നുള്ളതുതന്നെ സംശയാസ്പദമാണു്. എന്നാൽ ഒരുകാര്യം നമുക്കു് ആശ്വാസപ്രദമാണു്. അതെന്തെന്നാൽ ഈനാട്ടിൽ ഇനിയും ഉണ്ടാകുവാൻ പോകുന്നതു് പൊതുജനങ്ങളുടെ ഹിതാനുസരണമുള്ള ഒരു ഗവർമ്മെൻറാണു്. അങ്ങനെയുള്ള ഒരു ഭരണവ്യവസ്ഥയിൽ അഭിപ്രായസ്വാതന്ത്ര്യത്തിനും ന്യായാനുസൃതമായ

പ്രക്ഷോഭണങ്ങൾക്കും സ്വാതന്ത്ര്യമുണ്ടെന്നുള്ളതായിരിക്കും. അതുകയാൽ ഭാരതീയ ക്രിസ്ത്യാനികളുടെ ഇടയിൽ അഭ്രതപൂർവ്വമായ യോജിപ്പും സംഘടനയും ഉണ്ടാകേണ്ടതും, തന്മൂലമുളവാകുന്ന സംഘബലമുപയോഗിച്ച് അവരുടെ അവകാശങ്ങളെയും സ്വാതന്ത്ര്യത്തേയും പരിപാലിക്കുകയും ചെയ്യേണ്ടതും അത്യാവശ്യമാണ്.

പുതുതായി ഏർപ്പെടുത്തുവാനിരിക്കുന്ന ഭരണവ്യവസ്ഥയിൽ ന്യൂനപക്ഷസമുദായക്കാരുടെ അവകാശങ്ങൾ സുരക്ഷിതമായിരിക്കുമോ എന്നുള്ളതു് ഇൻഡ്യയിലെ പ്രബല ന്യൂനപക്ഷസമുദായങ്ങളായ മഹമ്മദീയർക്കുതന്നെയും സംശയകരമായി തോന്നുമ്പോൾ ക്രിസ്ത്യൻ പ്രതിനിധികളുടെ ആശങ്ക ഒട്ടും തന്നെ അസ്ഥാനസ്ഥമായി തോന്നുകയില്ല. ഇൻഡ്യൻ കത്തോലിക്കരുടെ പ്രതിനിധിയായി ലണ്ടനിൽ ഹാജരായിരുന്ന ബാറിസ്റ്റർപന്നീർസെൽവത്തിന്റെ പ്രസംഗത്തിൽ ഈ കാര്യം സ്പഷ്ടമായി പ്രസ്താവിച്ചിട്ടുള്ളതാണു്. അദ്ദേഹം ഈ ഘട്ടത്തിൽപറയുന്നതു് ഇങ്ങനെയാണു്:—

"പുതിയ ഭരണവ്യവസ്ഥമൂലം ഞങ്ങൾക്കു സ്വസ്വാതന്ത്ര്യത്തോടുകൂടി ഞങ്ങളുടെ മതത്തെ വിശ്വസിക്കുന്നതിനും ആചരിക്കുന്നതിനും തന്നെയുമല്ല, അതിനെ പ്രസംഗിക്കുന്നതിനും വേണ്ട അവകാശം സംസിദ്ധമാകുമെന്നു എനിക്കുനല്ലഉറപ്പുണ്ടു്. എന്നുതന്നെയുമല്ല ഞങ്ങളുടെ മതപരവും പരോപകാരപരവും വിദ്യാഭ്യാസസംബന്ധവുമായ സ്ഥാപനങ്ങൾക്കു് അന്യമതസ്ഥരുടെ ഈവിധ സ്ഥാപനങ്ങളെപ്പോലെയുള്ള അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഉണ്ടായിരിക്കുമെന്നും ഞാൻ ഉറപ്പായിവിശ്വസിക്കുന്നു. ഞങ്ങളുടെ സന്താനങ്ങളെ ഞങ്ങളുടെ മതവിശ്വാസങ്ങളെ പരിപാലിക്കത്തക്ക പരിസരത്തിൽ വിദ്യാഭ്യാസംചെയ്യിക്കുന്നതിനുവേണ്ട വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനും ന്യായമായവിധത്തിലുള്ള ഗവൺമെൻറു ധനസഹായം അവശ്യപ്പെടുന്നതിനും ഞങ്ങൾക്കവകാശമുണ്ടായിരിക്കുമെന്നും ഞങ്ങൾക്കു ദൃഢബോധമുണ്ടു്." മി. പന്നീർസെൽവം ഈ വിധ

ത്തിൽ ഭാരതീയ ജനങ്ങളിൽനിന്നു സ്വാതന്ത്ര്യവും സമഭാവനയും ആശിക്കുന്നതിനുള്ള കാരണവും അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ മറ്റൊരുഭാഗത്തിൽ പറഞ്ഞുകാണുന്നുണ്ട്. ഇൻഡ്യയിലെ ക്രിസ്തീയജനസംഖ്യയിൽ മൂന്നിലൊരുഭാഗവും താമസിക്കുന്നതു് തിരുവിതാംകൂർ കൊച്ചീ എന്നീ ഹൈന്ദവരാജ്യങ്ങളിലായതുകൊണ്ടാണു് ഹിന്ദുക്കൾ ഒരിക്കലും ക്രിസ്തുമതപ്രചാരണത്തിനു വിഘ്നം വരുത്തുന്നതല്ലെന്നു് അദ്ദേഹം സമാധാനിക്കുന്നതു്. ഇതുകൂടാതെയും മി. പന്നീർ സെൽവത്തിന്റെ സ്വദേശമായ തഞ്ചാവൂരിൽ മഹാരാഷ്ട്രനായകനായ ശിവാജിയുടെ വംശത്തിൽപ്പെട്ട ഹൈന്ദവരാജാക്കന്മാരിൽനിന്നു് ദേവാലയസ്ഥാപനാർത്ഥം സ്ഥലങ്ങൾ കരമൊഴിവായി കിട്ടിയിട്ടുള്ളതും അദ്ദേഹം വിസ്മരിക്കുന്നില്ല. നമ്മുടെ സഹോദരങ്ങളായ ഹൈന്ദവരുടെ ഉദാരമനഃസ്ഥിതിയിൽ നമുക്കു് എത്രത്തോളം പ്രത്യാശയുണ്ടായിരുന്നാലും ക്രൈസ്തവരുടെ സംഘടനയും തന്മൂലമുണ്ടാകുന്ന സംഘബലവുംകൊണ്ടുമാത്രമേ ഇനിയുള്ള കാലങ്ങളിൽ നമുക്കു് വേദപ്രചാരം വിദ്യാഭ്യാസസൌകര്യം മുതലായവയ്ക്കാവേണ്ട സ്വാതന്ത്ര്യം സംസിദ്ധമാകുകയുള്ളൂ എന്നുള്ളതു് തീർച്ചയാണു്.

ക്രിസ്തീയ ജനങ്ങളെല്ലാംതന്നെ മേൽപറഞ്ഞവിഷയങ്ങളിൽ ഒരുപോലെയാകയാൽ പൂർവ്വാധികമായ യോജിപ്പും സൌഹാർദ്ദവും രാഷ്ട്രീയവിഷയങ്ങളിൽ വിവിധവകുപ്പുകാരായ ക്രിസ്തീയ ജനങ്ങൾ തമ്മിലുണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണെന്നുള്ളതു് തീർച്ചയാണു്. പക്ഷേ കത്തോലിക്കർക്കു പ്രത്യേകമായ സംഘടനകൾ എപ്പോഴും അത്യാവശ്യമാണു്. ഈ നാട്ടിലെ കത്തോലിക്കർ വിശ്വാസാചാരാദികളിൽ അന്യമതസ്ഥരിൽനിന്നു വിഭിന്നരായി ജീവിതംകഴിച്ചു വരുന്നവരാണു്. നമ്മുടെ ചുറ്റുംകാണുന്ന രാജ്യനിയമങ്ങൾ, ആചാരങ്ങൾ, പാരമ്പര്യങ്ങൾ ഇവ ഏതുതരം വിധത്തിലുള്ളവ ആയിരുന്നാലും, അവയേക്കാൾക്കൂടുതലായി കത്തോലിക്കരുടെ ശ്രദ്ധയേ ആകർഷിക്കേണ്ടതു് തങ്ങളുടെ പാവനമായ മതത്തോടും സന്മാർഗ്ഗനിയ

മങ്ങളോടുംള്ള ഭക്തിയാകുന്നു. അതുകയാൽ വിപരീതശക്തികളുടെ ഇടയിൽ സ്ഥിതിചെയ്യുന്നവരായ കത്തോലിക്കർ തങ്ങളുടെ വ്യക്തിപരമായ ആശയങ്ങളെയും അഭിപ്രായങ്ങളെയും സഭാമാതാവിന്റെ തൃപ്പാദങ്ങളിൽ ബലികഴിച്ചു് നിസ്സ്വാർത്ഥതയോടും മഹാമനസ്ക്കതയോടുംകൂടി കൈയോടുകൈചേർത്തു് തോളോടുതോൾ യോജിപ്പിച്ചു് പൊതുഉണത്തിനുവേണ്ടി പരിശ്രമിക്കേണ്ടതു് ഇക്കാലസ്ഥിതിക്കു് അത്യാവശ്യമാണു്.

ഈവിധത്തിലുള്ള ഐകമത്യവും സംഘബലവുംമൂലമാണു് കത്തോലിക്കർ ന്യൂനപക്ഷമായി സ്ഥിതിചെയ്യുന്ന ഇംഗ്ലണ്ടു്, ഹോളൺഡു്, ജെർമ്മനി അമേരിക്കാ മുതലായ അകത്തോലിക്കരാജ്യങ്ങളിലെ കത്തോലിക്കർതങ്ങളുടെ അവകാശങ്ങളെ വാദിച്ചു വാങ്ങിക്കുന്നതു്. ഈയിടെതന്നെ ഇംഗ്ലണ്ടിൽ വിദ്യാഭ്യാസസംബന്ധമായി പാർല്യമെൻറിൽ കൊണ്ടുവരപ്പെട്ട ഒരു പ്രമേയം കത്തോലിക്കർക്കു സങ്കടകരമായി തോന്നുകയാൽ അവർ യോജിപ്പോടും സംഘടനയോടുംകൂടി ചെയ്ത പ്രക്ഷോഭണങ്ങൾ മൂലം പാർല്യമെൻറിൽനിന്നും ആ പ്രമേയം തള്ളപ്പെട്ടുപോകുകയുണ്ടായി എന്നുകാണുന്നു. നേരേമറിച്ചു കത്തോലിക്കർക്കു മഹാഭൂരിപക്ഷമുള്ളതെങ്കിലും സംഘടനാബലമില്ലാത്ത മെക്സിക്കോരാജ്യത്തിൽ കത്തോലിക്കാസഭയ്ക്കുണ്ടായിട്ടുള്ള ദുരവസ്ഥകൾ നമുക്കെല്ലാവർക്കും അറിവുള്ളതാണല്ലോ. മെക്സിക്കോയിലെ കത്തോലിക്കർക്കു സിദ്ധിച്ചിട്ടുള്ള ദുരനുഭവങ്ങൾ ഇൻഡ്യയിലെ കത്തോലിക്കർക്കു ലഭിക്കാതിരിക്കണമെങ്കിൽ നാം ഇപ്പോൾതന്നെ വേണ്ട ഒരുക്കങ്ങൾ തുടങ്ങേണ്ടതാണു്.

എന്നാൽ നമ്മുടെ ഇപ്പോഴത്തെ അവസ്ഥ അത്യന്തം ശോചനീയമാണെന്നുതന്നെ പറയാം. മദ്രാസിലെ കത്തോലിക്കർ ലീഡർപത്രം അഭിപ്രായപ്പെട്ടതുപോലെ നമ്മുടെ ഇന്നത്തെ ഗൌരവതരമായ അത്യാവശ്യം സമുദായനായകന്മാരാണു്. നമ്മുടെ വൈദികരുടെയും അൽമേനികളുടെയും ഇടയിൽ ധാരാളം ബുദ്ധിശക്തിയും അറിവുമുള്ള ആളുകളുണ്ടു്. പക്ഷേ പൊതുവായ ആവശ്യങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനുള്ള ചുമത

ല ഒരുത്തക്കും ഇല്ലാത്തതുപോലെതോന്നുന്നു. പ്രായോഗികമായ ഒരു സംഘടനാപദ്ധതി ഉടൻ നടപ്പിലാക്കേണ്ടതു് നമ്മുടെ ഇന്നത്തെ അത്യാവശ്യങ്ങളിൽ പ്രഥമഗണനീയമായി ഞങ്ങൾ കരുതുന്നു. നമ്മുടെ ഭാവിയിലെ വേദപ്രചാരണവും കത്തോലിക്കു് വിദ്യാഭ്യാസാഭിവൃദ്ധിയും തീച്ചയായും ഇതിനെആശ്രയിച്ചിരിക്കുന്നതാണു്.

അനുഗ്രഹക്കൊന്തയെക്കുറിച്ചു്.

(റവ. മാത്യു ആലക്കളം.)



ഫ്രൻാ-ാമാണ്ടു മരിച്ചവിസിറേറഷൻ സഭക്കാരിയായ മത്താമറിയം എന്നപുണ്യാത്മാവിനെ നമ്മുടെ കത്താവുതന്നെ പഠിപ്പിച്ചതാണു് "അനുഗ്രഹക്കൊന്ത." ഈ ഭക്തി എല്ലാവരുടെ ഇടയിലും എത്രയും വലിയ പ്രചാരത്തിലിരിക്കുന്ന കാലമാണിതു്, എന്നാലും ഇതിന്റെ പ്രാധാന്യം കൂടുതൽ മനസ്സിലാക്കുവാൻ പൂർവ്വാധികം ഭക്തിവർദ്ധിച്ചു വരണമെന്നുദ്ദേശിച്ചാണു് ഇതെഴുതുന്നതു്. പലഅവസരങ്ങളിലായി ദിവ്യരക്ഷിതാവു് ഈ ധന്യയോടു് അരുളിച്ചെയ്ത തിരുവചനങ്ങളിൽ ചിലതുതന്നെയാണു് ചുവടെ ചേർക്കുന്നതും.

"സ്നേഹസംപൂർണ്ണമായ എന്റെ ഹൃദയത്തെ ലോകത്തിനു വെളിപ്പെടുത്തുവാനായി എന്റെ ദാസിയായ അലക്കോക്കു് മറിയത്തെ ഞാൻ തിരഞ്ഞെടുത്തു. എന്നാൽ എന്റെ മുറിവുകളെക്കുറിച്ചുള്ളഭക്തി പ്രചരിപ്പിക്കുന്നതിനായി എന്റെ കുരിശുമ

ത്താമറിയത്തെ ഞാൻ ഇപ്പോൾ നിയോഗിക്കുന്നു. ലോകരക്ഷ
ക്കുവേണ്ടി എന്റെ തിരുമുറിവുകളെ നീ പിതാവിനു എപ്പോ
ഴും കാഴ്ചവെയ്ക്കണം. എന്റെ തിരുമുറിവുകളുടെ ഭക്തിഭ്രമിയി
ലെങ്ങും പരക്കുന്നതിനായി നീ എരിവോടെ പ്രാർത്ഥിക്കണം. തീ
ക്ഷ്ണതയോടെ പരിശ്രമിക്കണം. ഈ വിഷയത്തെക്കുറിച്ചു പറ
യുന്ന ഓരോവാക്കും എന്നെ അത്യന്തം പ്രസാദിപ്പിക്കുന്നു. എ
ന്റെ മുറിവുകളോടു യോജിപ്പിച്ചു സമർപ്പിക്കുന്നതായാൽ, നി
ന്റെ ലഘുവായ പ്രവൃത്തികൾക്കുപോലും വലിയയോഗ്യതയു
ണ്ടാകും. എന്റെ മുറിവുകളിൽ പൂർണ്ണമായി ശരണപ്പെടുന്നതി
നു് നീ അശേഷംസംശയിക്കേണ്ട. തീരെ അസാദ്ധ്യമായിതോ
ന്നുന്ന സംഗതികൾപോലും എന്റെ മുറിവുകളേക്കുറിച്ചു അപേ
ക്ഷിച്ചാൽ നിശ്ചയമായും സാധിക്കാതിരിക്കയില്ല. നിനക്കെ
ന്തെങ്കിലും സങ്കടം നേരിടുമ്പോൾ "എന്റെഈശോ! അങ്ങേ
തിരുമുറിവുകളുടെ യോഗ്യതകളെക്കുറിച്ചു; പൊറുക്കേണമെ, അ
നുഗ്രഹിക്കേണമെ," എന്നുചൊല്ലുക. അപ്പോൾനിന്റെ ആത്മാ
വിനും ശരീരത്തിനും നീ ആശ്വാസംകണ്ടെത്തും. എന്റെ മുറി
വുകളിൽ ആശ്രയിച്ചുകൊണ്ടു് അനുഗ്രഹക്കൊന്ത ചൊല്ലിയാ
ൽ അവർ ആഗ്രഹിക്കുന്നതെല്ലാം ലഭിക്കുമെന്നു് നിന്നെപ്രോ
ത്സാഹിപ്പിച്ചുകൊണ്ടു ഞാൻ പറയുക. എന്റെ തിരുമുറിവുകൾ ലോക
ത്തിന്റെ രക്ഷയായിരിക്കും. ഇവഴിയായി ഓരോരുത്തൻ ര
ക്ഷിക്കേണ്ട ആത്മാവുകളുടെകണക്കു് വിധിസമയത്തു അവരോ
ടുഞാൻചോദിക്കും. "നിത്യപിതാവെ! ഞങ്ങളുടെ ആത്മീയമു
റിവുകൾ സുസ്ഥമാക്കുവാനായി ഞങ്ങളുടെ കർത്താവീശോമി
ശിഹായുടെ തിരുമുറിവുകളെ അങ്ങേക്കുഞാൻ കാഴ്ചവെയ്ക്കുന്നു"
എന്നു് ഒരു പാപിചൊല്ലിയാൽ അയാൾ അനുതപിക്കും".
നീതിയുടെതുലാസിൽ അനുഗ്രഹക്കൊന്തക്കു ലോകത്തിന്റെ പാ
പമൊക്കയേയുംകാൾ ക്ലൃപ്തൽഘനമുണ്ടു്. അതു എന്റെ നീ
തിയുടെ കോപത്തെ ശമിപ്പിക്കുന്നു—ഈ കൊന്ത നീ ജപിക്കു
മ്പോഴെല്ലാം അതിലെ ഓരോവാക്കിനും ഒരുതുള്ളിരക്തംവീതം
പാപികളുടെ ആത്മാവിൽഞാൻ വീഴ്ത്തും. ഞാൻ ആത്മാവു
കൾക്കായി ദാഹിക്കുന്നു. എന്റെ മുറിവുകളെ പാപികളുടെ

രക്ഷക്കായി നീ കാഴ്ചവെയ്ക്കുക. നീ അനുഗ്രഹിക്കുന്നിടത്തോളം പാപികൾ മനസ്സുതിരിഞ്ഞില്ലെങ്കിലും, നിനക്കുള്ള സമ്മാനം അതിനാൽകുറയുകയില്ല."

"ശുദ്ധഹൃദയത്തോടുകൂടി നീ ക്രൂശിക്കപ്പെട്ടഎന്നെനോക്കി മേൽപ്രകാരം ചൊല്ലിയാൽ (മനസ്സുകൊണ്ടായിരുന്നാലും) അപ്പോൾതന്നെ ശുദ്ധീകരണസ്ഥലത്തിൽനിന്നു് അഞ്ചാത്മാക്കളെ ഞാൻ രക്ഷിക്കും. അപ്രകാരംതന്നെ സ്ലീവാപ്പാത്രകഴിക്കുമ്പോഴും നിന്റെ ഹൃദയം ശുദ്ധമുള്ളതാണെങ്കിൽ, ഓരോസ്ഥലത്തിനും അഞ്ചാത്മാക്കളെവീതം ഞാൻ വിമോചിക്കും."

"എന്റെ മുറിവുകൾവഴിയായി എന്നെമനുഷ്യർ അറികയും സ്നേഹിക്കുകയും ചെയ്യാൻ ശ്രമിക്കുന്നതായിരിക്കണം നിന്റെ ജീവിതോദ്ദേശ്യം. നിന്റെ ഈ പ്രേഷിതജോലി നീ ശരിയായി നിർവഹിച്ചാൽ, തന്മൂലം ലോകം സമാധാനത്തെപ്രാപിക്കും. ഇതിൽ നീ ഉപേക്ഷകാണിക്കുന്നിടത്തോളം ഭ്രമിയിൽ കലക്കംവർദ്ധിക്കയുംചെയ്യും. ഈ നിക്ഷേപത്തെ നീ എങ്ങനെ വിനിയോഗിച്ചു എന്നുള്ളതിനെക്കുറിച്ചു നീ എന്റെ മുമ്പാകെ കണക്കുകേൾപ്പിക്കേണ്ടിവരും. നിന്റെകൂടെ ഒന്നിച്ചുപാർക്കുന്നവർ മാത്രമല്ല, മറനേകം ആളുകളും രക്ഷപെടണമെന്നു് ഞാനാഗ്രഹിക്കുന്നു. ലോകം ഇതു ഗ്രഹിച്ചിട്ടില്ല. എന്റെ തിരുമുറിവുകളുടെവഴി, സ്വർഗ്ഗത്തിലേക്കുള്ള വളരെസാധാരണവും എളുപ്പവുമായ മാർഗ്ഗമാകുന്നു. തിരുമുറിവുകളെ നീ കൂടക്കൂടെ സംബോധനചെയ്യണം. മറവുള്ളവരേക്കൊണ്ടും ചെയ്യിക്കണം, : ഈ വിഷയത്തെപ്പറ്റി മിക്കപ്പോഴും സംസാരിക്കണം. ഈ വചനങ്ങൾ ഓരോന്നും എനിക്കു വാക്കിലടങ്ങാത്ത സന്തോഷംനൽകും. പാറയുടെ മാളങ്ങളിൽ മാടപ്രാവു് എന്നപോലെ എന്റെ മുറിവുകളിൽ നീഅഭയംതേടുക. ഗെദസേമാനിലെ മരണഭീതി കഴിഞ്ഞാൽപിന്നെ എന്നെഏറ്റവും പീഡിപ്പിച്ചതു എന്റെശിരസ്സിലെ മുൾമുടിയാണു്. മുൾമുടിമേലുള്ളഭക്തി തിരഞ്ഞെടുക്കപ്പെട്ട ചിലർക്കുമാത്രം ഞാൻ കൊടുക്കുന്ന ഒരു പ്രത്യേകദാനമാകുന്നു. എന്റെ മണവാട്ടിയായ പള്ളിയു

ടെ വിജയത്തിനായി ഈ ഉറവകളിൽനിന്നും നീ മുടങ്ങാതെ അനുഗ്രഹങ്ങളെ കോരിയെടുക്കണം. നിന്റെ സഭയിലെ അംഗങ്ങളും പ്രത്യേകിച്ചു ഈപ്രാർത്ഥനവഴിയായി തിരുസിംഹാസനത്തിനു ഒരു താങ്ങായിരിക്കണം. ശത്രുക്കളിൽനിന്നും തിരുസഭയെ രക്ഷിക്കുന്ന ഒരു കോട്ടയായിരിക്കണം. വ്യാഴാഴ്ചരാത്രിയിലത്തെ ഒരു മണിക്കൂർ ആരാധന, അനുഗ്രഹക്കൊന്ത എന്നിവരണ്ടും നിങ്ങളും ഒട്ടുംഉപേക്ഷക്രൂടാതെ നടത്തണം. തിരുമുറിവുകളുടെഭക്തി ഈ തിന്മനിറഞ്ഞകാലത്തിനു പറ്റിയപ്രതിവിധിയുമാകുന്നു. എത്രയുംവലിയ തീക്ഷ്ണതയോടെ ഈജപം ചൊല്ലണമെന്നു് നിന്നോടാവശ്യപ്പെട്ടുന്നതു ഞാനാകുന്നു.'

ഈ ഭക്തിനിമിത്തം തനിക്കുനേരിട്ട വലിയനഷ്ടം പിശാചുകണ്ടു് സഹികെട്ടു. ഇതിനെ തടയുന്നതിനായി ഒരിക്കൽ ഇപ്രകാരം മത്തായോടു ഫാസുമായിപറഞ്ഞു. "ശേഷംപേർ പുണ്യകങ്ങളിൽ കാണുന്ന നല്ലനല്ലജപങ്ങളം ചൊല്ലുന്നുവല്ലോ. നീയോ എന്നാൽ ഈഒരുജപംതന്നെ ഉരുവിട്ടുകൊണ്ടു എന്തേസമയം നഷ്ടമാക്കുന്നു?." അപ്പോൾ ഈശോ പ്രത്യക്ഷനായി പിശാചിനെ ഓടിച്ചശേഷം മത്തായെ ഇങ്ങനെ ധൈര്യപ്പെടുത്തി. "മകളെ! ഈ കൊന്തയിലെ ഓരോസുകൃതജപവുംഞാൻ എണ്ണുന്നുണ്ടെന്നു ശ്രേഷ്ഠത്തിയോടു പറയുക. ഇതിന്റെ വർദ്ധനവിനായി നിങ്ങളാൽപാടുള്ളതെല്ലാം ചെയ്യണം. എന്റെ വീണ്ടെടുപ്പിൻഫലങ്ങളെ ധാരാളമായി വർഷിക്കുന്നതിനു് ഇതുമൂലം എനിക്കുസാധിക്കുന്നുണ്ടു്. എന്റെ ആഗ്രഹം നിങ്ങളെ ഞാൻ ഗ്രഹിപ്പിച്ചുകഴിഞ്ഞു. ഈ ഭക്തിഉപേക്ഷിച്ചാൽ നിങ്ങളം വലിയനഷ്ടംസഹിക്കേണ്ടിവരും. ശത്രുസൈന്യത്തിനെതിരായി എന്നെ ആദരിപ്പാൻ ഇപ്പോൾ ഒരു നല്ലസൈന്യം ഉണ്ടായിരിക്കുന്നു. ശത്രുവിനെ ഇതുജയിക്കാതിരിക്കുകയില്ല. ലോകരക്ഷക്കായുള്ള എന്റെ ദാഹത്തിനു് ഇതുമൂലം നിങ്ങളം വളരെ ശമനം വരുത്തുന്നുണ്ടു്"

ഏകസ്വഭാവവാദം.

I.

(ഡാ- പ്ലാസിഡ് ററി. ഒ. സി. ഡി.)

"ഏകസ്വഭാവവാദ"ത്തെപ്പറ്റി എന്തെങ്കിലും പ്രസ്താവിക്കുന്നതിനു മുമ്പായി "സ്വഭാവം" "ആളു്" എന്ന ഇരുപദങ്ങളുടേയും അർത്ഥം വ്യക്തമാക്കേണ്ട ആവശ്യമുണ്ടു്. ഇവ രണ്ടും എല്ലാവിധത്തിലും ഒന്നു തന്നെയാണെന്നുള്ള ധാരണയാകുന്നു നെസ്തോറിയക്കാരേയും ഏകസ്വഭാവവാദികളേയും സത്യത്തിൽ നിന്നു വ്യതിചലിപ്പിച്ചതു്. മിശിഹായിൽ ഒരു സ്വഭാവം മാത്രമേയുള്ളൂ എന്നാണല്ലൊ ഏകസ്വഭാവവാദികളുടെ ഉപദേശം.

താത്വികമായും (physically) ധാർമ്മികമായും (morally) "സ്വഭാവം" പരിഗണിക്കപ്പെടാം. കുറെ മുമ്പു് ആ കുട്ടിയുടെ സ്വഭാവം (character) ചീത്തയായിരുന്നു. ഇപ്പോൾ നന്നായി തുടങ്ങി, എന്നു പറയുമ്പോൾ "സ്വഭാവം" ധാർമ്മികമായത്രെ പരിഗണിക്കപ്പെടുന്നതു്. മിശിഹായുടെ പ്രവൃത്തികൾ ധാർമ്മികദൃഷ്ട്യാ എപ്പോഴും പരിപാവനങ്ങളായിരുന്നു. ഈ ന്യായത്താൽ ധാർമ്മികമായി മിശിഹായ്ക്കു സ്വഭാവവ്യത്യാസമില്ലതന്നെ. (change or difference of character) താത്വികദൃഷ്ട്യാ "സ്വഭാവം" (Nature) എന്തെന്നും മിശിഹായിൽ എത്രയുണ്ടെന്നുമാണു് ഇപ്പോൾ പര്യാലോചിക്കേണ്ടതു്. "ആളെ"പ്പറ്റിയും ഇതോടൊരുമിച്ചു പ്രസ്താവിച്ചുകൊള്ളാം. നാം ആയിരിക്കുന്നതെന്തോ അതു് നാം ആയിരിക്കുന്നതു് സ്വഭാവഹേതുവായാണു്. മനുഷ്യസ്വഭാവമാണു് മനുഷ്യനെ മനുഷ്യനാക്കുന്നതു്. മനുഷ്യസ്വഭാവം മനുഷ്യനെ കുതിരയിൽനിന്നും കുതിരസ്വഭാവം കുതിരയെ ആനയിൽ നിന്നും വ്യത്യാസപ്പെടുത്തുന്നു.

"എനിക്കു് മനുഷ്യസ്വഭാവമുണ്ടു്" എന്ന വാക്യത്തിലെ "എനിക്കു്" എന്നതു് ആളിനെ സൂചിപ്പിക്കുന്നു. "ഞാൻ ഒരു മനുഷ്യ

ൻ" "ഒരുമനുഷ്യൻ ആകും അതു" എന്നുപറയാമെങ്കിലും "ഞാൻമ നുഷ്യസ്വഭാവമാകുന്നു" എന്നുപറഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ മനുഷ്യസ്വഭാവം അന്യരിലും കാണപ്പെട്ടുന്നുണ്ടു്. "ഞാൻ മനുഷ്യ സ്വഭാവമായിരുന്നെങ്കിൽ "ഞാൻ" ഒരുവൻ മാത്രമായിരിക്കുന്ന തുപോലെ മനുഷ്യസ്വഭാവം വേറെ ആരിലും ഉണ്ടാവുകയില്ലായി രുന്നു. "ഞാൻ" മനുഷ്യസ്വഭാവമല്ലെങ്കിലും "ഞാൻ മനുഷ്യ സ്വഭാവമുള്ളവനാകുന്നു" എന്ന പ്രയോഗം സാധുവാണു്. "ഞാൻ," "എന്നിക്കു്" "ഒരു മനുഷ്യൻ" എന്നിപ്രകാരമുള്ള പ ദങ്ങളും ഒരു പ്രത്യേക വ്യക്തിയെ മാത്രമല്ലാതെ പല വ്യക്തിക ൾക്കു പൊതുവായ ഏതെങ്കിലുമൊന്നിനെ സൂചിപ്പിക്കുന്നില്ല. സ്വഭാവമാകട്ടെ പല വ്യക്തികൾക്കു പൊതുവായ ഒന്നാകുന്നു. "ഞാൻ" "എനിക്കു്" മുതലായവ ആളിനെ കാണിക്കയും ചെ യ്യുന്നു.

ബുദ്ധിശക്തിയും തദ്വാരാ ഉത്തരവാദിത്വബോധവും സൂ ചിപ്പിക്കുന്ന ഒരു പദമാണു് "ആകം". പ്രവർത്തിക്കുന്നതും സഹി ക്കുന്നതും "ആകം" ആകുന്നു, "സ്വഭാവ"മല്ല. എങ്കിലും പ്രവൃത്തി യും സഹനവും സ്വഭാവം വഴിയാണു് നടക്കുന്നതു്. "ആകം" എന്നതിനുപകരം ഏതെങ്കിലും ഒരു സംജ്ഞാനാമം എപ്പോഴും ഉചിതയോഗിക്കാം. പത്രോസു് ഇന്നതു പ്രവർത്തിക്കുന്നു എന്നു പറ ഞ്ഞാൽ ഏതോ "ഒരാകം" ഇന്നതു പ്രവർത്തിക്കുന്നു എന്നതു തന്നെ അർത്ഥം. "ആളും" "സ്വഭാവ"വും തമ്മിൽ ഏതാണൊരു വ്യത്യാസ മുണ്ടെന്നും ഇതുവരെ പറഞ്ഞതിൽനിന്നും വിശദമായിട്ടുണ്ടെന്നും കരുതുന്നു.

"ഒരുത്തൻ" "ഒരു മനുഷ്യൻ" എന്നിങ്ങനെയുള്ളവ എന്തു നിർദ്ദേശിക്കുന്നുവോ അതാണു് "ആകം". ഈ അർത്ഥത്തിൽ ഒരു സ്ഥലത്തു് എത്ര ആളുണ്ടെന്നെണ്ണുവാനും ആളുകളെ തമ്മിൽ തമ്മിൽ വ്യത്യാസപ്പെടുത്തുവാനും കൊച്ചു കുട്ടികൾക്കുപോലും സാധിക്കുന്നു. "ആകം" എന്താണെന്നുള്ള ചോദ്യത്തിനു് തക്ക സമാധാനം പറയുവാൻ സാധാരണമാക്കു സാധിക്കയില്ലെങ്കിലും ആളിനു സ്വന്തമായുള്ളവ ആളല്ലെന്നു എല്ലാവരും നിഷ്പ്രയാ

സംഗ്രഹിക്കുന്നുണ്ട് "യുദ്ധത്തിനു മുമ്പു് പത്രോസിനു രണ്ടു കാലുണ്ടായിരുന്നെങ്കിലും യുദ്ധത്തിനു ശേഷം ഒരു മാത്രമേയുള്ളൂ". "പൌലോസു് ഒരു വിദ്വാനായിരുന്നെങ്കിലും ഇപ്പോൾ ചിത്തഭ്രമം പിടിപെട്ടവനാണു"" "ഇപ്പോൾ പുരുഷപ്രായം വന്നിരിക്കുന്ന ഞാൻ നാം കൊല്ലം മുമ്പു ഒരു കുട്ടിയായിരുന്നു" എന്നിങ്ങനെയുള്ള വാക്യങ്ങളിൽ ആളേയും ആളിന്റെ സ്വന്തമെങ്കിലും ആളല്ലാത്തവയേയും നാം വ്യത്യാസപ്പെടുത്തുന്നുണ്ടു്. ആളിനു സ്വന്തമായുള്ളവ സ്വഭാവത്തിന്റെ അംശങ്ങളല്ലെന്നും നാം എളുപ്പത്തിൽ മനസ്സിലാക്കുന്നുണ്ടു്. പത്രോസിന്റെ ഓരോ കൈക്കും ആറാറു വിരലുകളുണ്ടെങ്കിലും ആവിശേഷം പത്രോസിലുള്ള മനുഷ്യ സ്വഭാവത്തെ സ്പർശിക്കുന്നില്ല. മനുഷ്യ സ്വഭാവത്തെ സ്പർശിച്ചിരുന്നെങ്കിൽ എല്ലാ മനുഷ്യരിലും ആവിശേഷം പ്രത്യക്ഷപ്പെട്ടമായിരുന്നു. എന്നാൽ സ്വഭാവത്തിനു സ്വന്തമായുള്ളവ സ്വഭാവം ആയ്ക്കില്ലാമുണ്ടോ അവരിലെല്ലാം കാണപ്പെടുന്നു. അനശ്വരമായ ഒരു ആത്മാവു് മനുഷ്യ സ്വഭാവത്തിന്റെ അംശമാണു്. ആരിലെല്ലാം മനുഷ്യ സ്വഭാവമുണ്ടോ അവരിലെല്ലാം അനശ്വരമായ ആത്മാവും ഉണ്ടായിരിക്കും.

ഒരു വസ്തുവിലുള്ളതെല്ലാം ശക്തികളാലും പ്രകൃതിവിശേഷങ്ങളാലും പ്രവർത്തിക്കയും തന്ത്രിരിക്കപ്പെട്ടുകയും ചെയ്യുന്നുവോ ആ ശക്തികളുടെയും പ്രകൃതിവിശേഷങ്ങളുടേയും സമുച്ചയമാണു് "സ്വഭാവം". "ഞാൻ മനുഷ്യനാണു്, ആനയല്ല." "ഞാൻ ചിരിക്കുന്നു; ചിന്തിക്കുന്നു." എന്നിവയെല്ലാം എന്റെ സ്വഭാവഗുണത്തിൽനിന്നുള്ളവയാകുന്നു. "സ്വഭാവം" മനുഷ്യനെ കാണിക്കുന്നെങ്കിൽ "ആകം" ഈ മനുഷ്യനെ അല്ലെങ്കിൽ ആ മനുഷ്യനെ കാണിക്കുന്നു. "സ്വഭാവം" വർഗ്ഗത്തേയും 'ആകം, വ്യക്തിയേയും, അതെ സൂചിപ്പിക്കുന്നതു്. പ്രവർത്തിക്കയും സഹിക്കയുംചെയ്യുന്ന ബുദ്ധിശക്തിയുള്ള ഒരു സത്തയെയാണു് "ആകം"എന്നു നാംവിളിക്കുന്നതു്. സ്വഭാവം വർഗ്ഗത്തേയും ആകം വ്യക്തിയേയും സൂചിപ്പിക്കുകനിമിത്തം "ആകം" സ്വഭാവത്തിൽ നിന്നാണെന്നും "സ്വഭാവം" ആളിൽനിന്നല്ലെന്നും സിദ്ധിക്കുന്നു. സ്വഭാവം ആളിൽ നിന്നായിരുന്നെങ്കിൽ പത്രോസു്എന്ന "ആകം" (വ്യ

കുന്നി) ഉണ്ടാകുന്നതിനുമുമ്പു് മനുഷ്യർക്കു് സ്വഭാവം (വശ്യം) ഇല്ലായിരുന്നു എന്നുസിദ്ധിക്കും.

ആളും സ്വഭാവവും എല്ലാവിധത്തിലും ഒന്നുതന്നെയാണെന്നുള്ളവാദം സാധുവല്ലെന്നു മുകളിൽ പറഞ്ഞവ വിശദമാക്കുന്നുണ്ടു്. ആളുകളുടെ എണ്ണത്തിനുസമം സ്വഭാവങ്ങളും സ്വഭാവങ്ങളുടെ എണ്ണത്തിനുസമം ആളുകളും ഉണ്ടാകേണ്ട ആവശ്യമില്ലെന്നു് എത്രയും പരിശുദ്ധശീതത്തെപ്പറ്റിയുള്ള അറിവു് നമ്മെപഠിപ്പിക്കുന്നു. ശീതത്തിൽ ഒരു സ്വഭാവം മാത്രമേയുള്ളു. എന്നാൽ ആളുകൾ മൂന്നുണ്ടു്. ആളും സ്വഭാവവും എണ്ണത്തിൽ സമമായിരിക്കണം എന്നതത്വം സ്വീകരിച്ചാൽ മൂന്നു ദേവന്മാരുണ്ടെന്നോ ശീതമില്ലെന്നോ പറയേണ്ടിവരും. നെസ്റ്റോറിയനുകാർക്കും ഏകസ്വഭാവവാദികൾക്കും ഇതു സമ്മതമാണെങ്കിലും ശീതത്തെപ്പറ്റി പറയുന്നതുപോലെ മനുഷ്യാവതാരത്തെപ്പറ്റി പറയുവാൻ പാടില്ലെന്നാണു് അവരുടെ ശാഠ്യം. എന്നാൽ, ആളേയും സ്വഭാവത്തേയുംപറ്റി മുകളിൽ പ്രസ്താവിച്ചവതത്വങ്ങളാകയാൽ എവിടെയും കൊള്ളിക്കത്തക്കതാണെന്നുള്ളതിൽ ഇക്ലൂട്ടർ വിസമ്മതം പ്രദർശിപ്പിക്കയില്ലെന്നു വിശ്വസിക്കുന്നു.

ഒരു വസ്തുഇന്നവസ്തുത്തിൽ പെട്ടതാണെന്നു പറയണമെങ്കിൽ ആ വർഗ്ഗത്തിൽപെട്ട വസ്തുക്കൾക്കുണ്ടാകേണ്ട ഗുണങ്ങളെല്ലാം ആ വസ്തുവിനു് ഉണ്ടായിരിക്കണം. ഓരോവസ്തുത്തിനും പ്രത്യേകമായുള്ള ഗുണസമുച്ചയത്തിനാണല്ലൊ സ്വഭാവം എന്നുപറയുന്നതു്. അതുകയാൽ ഒരാൾ മനുഷ്യനാണെങ്കിൽ അയാൾക്കു മനുഷ്യസ്വഭാവം മുഴുവൻ അഥവാ മനുഷ്യസ്വഭാവത്തിന്റെ എല്ലാഗുണങ്ങളും ഉണ്ടായിരിക്കണം.

സ്വഭാവത്തെപ്പറ്റിയുള്ള വിവരണത്തിൽനിന്നു് "മനുഷ്യസ്വഭാവം" എന്നതും "മനുഷ്യത്വം" എന്നതും ഒന്നുതന്നെയാണെന്നു വിശദമായിട്ടുണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ ഒരാളുടെ "മനുഷ്യത്വ"മാണു് അയാളെ മനുഷ്യവർഗ്ഗത്തിൽ ഉൾ

പ്പെടുത്തുന്നതു്. ഇതുതന്നെയാണല്ലൊ സ്വഭാവവും ചെയ്യുന്നതു്. "മനുഷ്യതപം" മനുഷ്യസ്വഭാവമാണെങ്കിൽ "ദൈവതപം" ദൈവസ്വഭാവവും ആണു്.

അതിശയനീയനായ ഒരു തൊഴിലാളി.

(Adapted from Bishop Vaughan)

വിശുദ്ധസഭയിലെ പുണ്യവാന്മാരെല്ലാം വിവിധഗതിക്കാരാണു്. ഫ്രാൻസിലെ വി. ലൂയിസു്, ഇംഗ്ലണ്ടിലെ വി. എഡ്വേർഡു്, ജർമ്മനിയിലെ വി. ഹെൻട്രി മുതലായുള്ള "മാളികമുകളേറിയമന്നന്മാരും, വാഴ്ത്തപ്പെട്ട ബനഡീക്തോസ്സു്ലാബ്രി മുതലായ "തോളിൽ മാറാപ്പുകാരും" ഈ വിവിധതപത്തെ ഉദാഹരിക്കുന്നവരാണു്. ഇവരിലെല്ലാംതന്നെ ഒരു മഹാചിത്രകാരന്റെ കരകൌശലവിശേഷം നാം ദർശിക്കുന്നു. ഈശപ്രേഷ്ഠയ്ക്കു നാം സ്വയം വിധേയരാകുകയാണെങ്കിൽ, വിശുദ്ധപദം നമുക്കും സുലഭംതന്നെ. ശില്പവിദ്യാവിദഗ്ദ്ധനായ ഒരുവൻ മാർദ്ദവമുള്ള കളിമണ്ണുകൊണ്ടു സ്വേച്ഛാനുസാരം മനോഹരസാധനങ്ങളും മനുഷ്യരൂപങ്ങളുമൊക്കെ നിർമ്മിക്കുന്നതുപോലെ ദിവ്യശില്പിയായ ഈശപ്രഭു, തനിക്കു മനസാ വിധേയമാകുന്ന ആത്മാവിനെ സർവ്വഥാ മനോഹരമാക്കിത്തീർക്കുന്നു. ഈ മനോഹാരിത, നക്ഷത്രഭംഗിയെപ്പോലെ ഒരേമാതിരിയുള്ളതാണെങ്കിലും ഏറ്റക്കുറവുമുള്ളതാണു്. അതിനാൽ പുണ്യവാന്മാരിലും പരിശുദ്ധി, പൂർണ്ണത മുതലായ മനോഹരതകൾക്കും ന്യൂനാധികഭേദമുണ്ടു് എന്നു വ്യഞ്ജിക്കുന്നു.

ഇങ്ങനെയുള്ള പുണ്യവാന്മാരിൽ അതിപ്രധാനനായ ഒരു മഹാത്മാവാണു് ഈ (മാർച്ചു)മാസത്തിലെ മദ്ധ്യസ്ഥനായ മാർയൗസേപ്പു്. മനുഷ്യാവതാരം ചെയ്ത ദൈവത്തിന്റെ മഹാമാതാവായ മറിയം കഴിഞ്ഞാൽ ഇത്ര സ്ഥാനവലിപ്പവും അതിനൊത്ത

പൂർണ്ണതയും, പരിശുദ്ധിയും തികഞ്ഞ ആശ്രമം ഇല്ല. അനാഥനായ പിതാവ് തന്റെ ഏകപുത്രന്റെയും തന്മാതാവിന്റെയും സംരക്ഷകസ്ഥാനം അർപ്പിച്ചതു് ഇദ്ദേഹത്തിലാണെന്നോക്കുമ്പോൾ ഇദ്ദേഹത്തിന്റെ പദവി നിസ്തുലംതന്നെയെന്നു ബോധപ്പെട്ടും. ഏതൽസ്ഥാനോചിതമായ വിധത്തിൽ അദ്ദേഹം അവരോടുകൂടി സഹവസിച്ചുകൊണ്ടു് അവക്കായി ബുദ്ധിമുട്ടുകയും അവരെ കാത്തു പരിപാലിക്കയും ചെയ്തുവന്നതു് അദ്ദേഹത്തിന്റെ ചുമതലയും എന്നാൽ ഒരു പ്രത്യേകദാനവും ആയിരുന്നു എന്നു വേണം പറവാൻ. ഈ സഹവാസം ഒരുവിധത്തിൽ പറഞ്ഞാൽ നേരത്തേ ഉണ്ടായ സ്വർഗ്ഗീയസുഖാസ്വാദനം തന്നെയാണു്. അതേ ഇപ്പോഴത്തെ സ്വർഗ്ഗവാസികളുടെ മഹാനന്ദത്തിന്റെ ഒരു പൂർവ്വദൃഷ്ടാന്തം. ഈ ആനന്ദാനുഭവത്തിൽനിന്നു വി. യൗസേപ്പിനുണ്ടായ മഹത്വത്തേയും, നമ്മുടെ സ്ഥിതിയേയുംപറ്റി ഒന്നാലോചിക്കുക. കർത്താവിക്കായ നാം ദിവ്യകാരുണ്യസഹവാസത്തെ അതിയായി ഇഷ്ടപ്പെടുന്നു. നാല്പതുമണിയാരാധനയ്ക്കും വാഴ്വിനും മറ്റും വിശുദ്ധകുർബ്ബാന പരസ്യമായിസ്ഥാപിക്കുമ്പോൾ ത്രോണോസിന്റെ മുൻപിൽ മുട്ടുകുത്തുന്നതിനുള്ള ഭാഗ്യത്തെ നാം ദൈവാനുഗ്രഹാധിക്യപ്രകടനമായി വിചാരിക്കുന്നു. വി. കുർബ്ബാനയിൽ ദിവ്യരക്ഷകന്റെ ഭൗതികമായ പ്രത്യക്ഷീഭവിച്ചെന്നോ, ആശ്ചര്യജനകമായ തിരുമൊഴികൾ അരുളിച്ചെയ്തു എന്നോ ഒക്കെ വിശുദ്ധന്മാരുടെ ജീവചരിത്രത്തിൽ വായിക്കുമ്പോൾ നാം ആശ്ചര്യാധിക്യംകൊണ്ടു സ്തബ്ധരാകുകയും, ഒരു സ്വർഗ്ഗീയാസ്വാദനം നമ്മിൽ ഉളവാകുകയും ചെയ്യുന്നു. അങ്ങനെയുള്ള ഏതെങ്കിലും ഒരനുഭവം നമുക്കുണ്ടാകയാണെങ്കിൽ അതിനെ നാം സദാകാലവും സ്മരിക്കയും ദൈവത്തിനു സ്തോത്രം പറകയും ചെയ്യുന്നു.

ഇതു വാസ്തവമെങ്കിൽ മിശിഹാകർത്താവു വി. കുർബ്ബാനയിൽ പ്രത്യക്ഷപ്പെടുക മാത്രമല്ല നമ്മുടെ മുൻപിൽ മനുഷ്യനായി നിൽക്കുകയും നമ്മോടൊരുമിച്ചു "ഹസ്തനഹസ്തതലമാത്തസുഖംഗ്രഹീതാ" നമ്മുടെ ചെറുപ്പുരയിലേയ്ക്കു നടകൊള്ളുകയും അവിടെ നമ്മോടൊരുമിച്ചു താമസിക്കയും ചെയ്യുന്നു എന്നു വരികിൽ

ഹാ! അപ്പോൾ നമുക്കുണ്ടാകാവുന്ന അഗാധമായ സ്നേഹാദരങ്ങളാൽ ഹൃദയം പിളർന്നുപോകയില്ലയോ? മാർയൗസേപ്പിനെ സംബന്ധിച്ചിടത്തോളം ഇതു് എത്ര സാധാരണമായിരുന്നു എന്നു കൂടി ഇത്തരുണത്തിൽ ഓർക്കണം! മാർ യൗസേപ്പിന്റെ മഹത്വം അപ്പോൾ നിങ്ങൾക്കു സ്വയം ബോധപ്പെട്ടും. ആ ജീവിതം സ്വർഗ്ഗവാസത്തേക്കാൾ മികച്ചിരുന്നു എന്നു തീർച്ചയായും നിങ്ങൾ പറയും.

ഇനി ആ ജീവിതത്തിന്റെ അതുല്യവും അനന്യസാധാരണവുമായിരുന്ന സ്വഭാവത്തെപ്പറ്റി ചിന്തിക്കുക! ഒരു ദിവസമോ, ആഴ്ചയോ, മാസമോ, വർഷമോ അല്ല മുപ്പതുവർഷക്കാലത്തേയ്ക്കു അതു ദീർഘിച്ചു എന്നുമോർക്കണം. ദിവ്യശിശുവിനെ പോറ്റുന്നതിനായി ഉള്ളിയും, കൊട്ടപിടിയുംകൊണ്ടു് അദ്ദേഹം പണിയുമ്പോഴൊക്കെയും, ഉണ്ടായിക്കൊണ്ടിരുന്ന വികാരബാഹുല്യതയേയും ആനന്ദത്തേയുംപറ്റി ആലോചിക്കുക. ബ്രഹ്മാണ്ഡകടാഹങ്ങളെ പന്താട്ടുന്ന ആ ദിവ്യശിശുവിനെ താലോലിച്ചു പന്താട്ടുന്നതിനും, വെള്ളിക്കമ്പിപോലെ വെളുവെളുത്ത ആ താടിമീശയിൽ തടവിക്കൊണ്ടു് ആ "തങ്കക്കുടം" അർപ്പിക്കുന്ന ചുംബനങ്ങളം സ്വീകരിക്കുന്നതിനും "അപ്പച്ചാ!,, എന്നുള്ള വിളി കേൾക്കുന്നതിനും ഉള്ള ഭാഗ്യാതിരേകം ഇത്ര സ്വതന്ത്രമായി വി. കന്യകമറിയത്തിലല്ലാതെ മറ്റാരിലും പ്രവഹിച്ചുകാണുമോ എന്നുള്ളതു സന്നിഗ്ദ്ധമാണു്.

ദൈവം തന്റെ അനന്തബുദ്ധിയിൽ ആരെയുങ്കിലും ഒരു സ്ഥാനത്തേക്കു തിരഞ്ഞെടുത്താൽ ആ ഭാഗ്യവാനു് അതിനാവശ്യമായ വരങ്ങളും ദൈവത്തിൽനിന്നുതന്നെ ലഭിക്കുന്നതാണെന്ന സിദ്ധാന്തം സർവ്വസമ്മതമാണു്. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടതു വിശുദ്ധയൗസേപ്പിനും സ്വകൃത്യനിർവഹണാർത്ഥം ചില പ്രത്യേകവരങ്ങളും ലഭിച്ചിരുന്നു എന്നാണു്.

അതേ, ദൈവദത്തമായ അദ്ദേഹത്തിന്റെ ശുദ്ധി, എത്രകളങ്കരഹിതം, വിനയം എത്രഅഗാധം, ശ്രേഷ്കാന്തിയും ദീർഘദൃഷ്ടിയും എത്രയും സംപൂർണ്ണം! വാസ്തവം ഇങ്ങനെയൊക്കെ ആണെങ്കിലും ആ ധന്യന്റെ ജീവിതസരണി എത്രയോ അനാഡംബര

മായിരുന്നു. ദൈവേഷ്ടത്തിനു പൂർണ്ണമായി കീഴ്വഴങ്ങുന്നതിലാ
യിരുന്നു അദ്ദേഹത്തിന്റെ മഹത്വമെല്ലാം അന്തർഭവിച്ചിരുന്ന
തു്. തൊഴിലാളി ആയിരുന്നതുകൊണ്ടു് ആ മഹാനുഭാവന്റെ
ജീവിതം അദ്ധ്വാനസംപൂർണ്ണവും വിഷമകരവുമായിരുന്നു. അളന്നും
വരച്ചും കുറിച്ചും തട്ടിയും മുട്ടിയും അദ്ദേഹം ദിവസങ്ങൾ ചെലവ
ഴിച്ചു. എന്നാൽ ആ ജീവിതം അത്യുത്തുകരമാംവണ്ണം പരിശു
ദ്ധവുമായിരുന്നു.

അസാധാരണകാര്യങ്ങൾ ചെയ്യുന്നതിൽമാത്രം പരി
പൂർണ്ണത അടങ്ങിയിരിക്കുന്നു എന്നാണു് പലരുടെ വിചാരം. സാ
ധാരണസംഗതികളെങ്കിലും അസാധാരണസംപൂർണ്ണതയോടുകൂടി
ചെയ്യുന്നതിലാണു് അതു് അടങ്ങിയിരിക്കുന്നതെന്നു വി. യൗസേ
പ്പിന്റെ ജീവിതം നമ്മെ ഉദ്ബോധിപ്പിക്കുന്നു.

അങ്ങനെ എങ്കിൽ, മാർ യൗസേപ്പും, ഇപ്പോഴത്തെ തൊ
ഴിലാളികളുംതമ്മിൽ ഉള്ള വ്യത്യാസമെന്താണു്? വയലിലും തോ
ട്ടത്തിലും, അങ്ങാടിയിലും ഫാക്ടറികളിലും, വ്യവസായശാലകളി
ലും ജോലിചെയ്യുന്ന സഹോദരരെ! നിങ്ങളും മാർ യൗസേപ്പും
തമ്മിൽഉള്ള വ്യത്യാസം എന്താണു്? നിങ്ങൾ ബുദ്ധിമുട്ടി പണി
ചെയ്യുന്നുണ്ടോ? ശരി! അദ്ദേഹത്തിനും അതുതന്നെ ആയിരുന്നു
അവസ്ഥ. നിങ്ങളുടെ "നെറ്റിയിലെ വിയർപ്പുകൊണ്ടു" കുടുംബം
പുലർത്താനുണ്ടെന്നു പറയുന്നെങ്കിൽ അതുമാർ യൗസേപ്പിനെസം
ബന്ധിച്ചിടത്തോളം ഒരു വ്യത്യാസമല്ല. ക്ഷീണിച്ചുതളർന്നു വ
ശംകെട്ടാണു് നിങ്ങൾ ശയ്യയെ അവലംബിക്കുന്നതെങ്കിൽ അദ്ദേ
ഹത്തിനും അതുതന്നെ ആയിരുന്നു പതിവു് എന്നോർക്കുക. "ആ
ധിയും വ്യാധിയും ദാരിദ്ര്യദുഃഖവും" നിങ്ങൾക്കുമാത്രമല്ല അദ്ദേഹ
ത്തിനും സാധാരണമായിരുന്നു എന്നുകൂടി ഓർക്കണം.

അതേസമയംതന്നെ അദ്ദേഹം ഒരു പുണ്യവാനുമാണു്. ഇതിനു കാരണമെന്താണു്? അദ്ധ്വാനമാണോ? അല്ല. അദ്ധ്വാ
നവും ബുദ്ധിമുട്ടുംകൊണ്ടുമാത്രം വിശുദ്ധപദവി ലഭിക്കുക വിഷമ
മാണു്. അങ്ങനെ ആണെങ്കിൽ ഇപ്പോഴുള്ളതിൽ വളരെ അ
ധികം പുണ്യവാന്മാർ കണ്ടേനെ. ആദ്യശുദ്ധിയാണു് മാർയൗ
സേപ്പിനെ മറ്റുതൊഴിലാളികളിൽനിന്നു വ്യത്യാസപ്പെടുത്തുന്ന

ണ്ട്. ദൈവം പ്രതീക്ഷിക്കുന്നതും വിലമതിയ്ക്കുന്നതും, അദ്ദേഹത്തിന്റെ സമ്മാനത്തിനു അർഹമായിത്തീരുന്നതും, നമ്മുടെ നിയോഗാദർശങ്ങളും നന്മനസ്സുംമാത്രമാണു്. ഇപ്രകാരശക്തിയാൽ അനേകശതം ലോകങ്ങളെ സൃഷ്ടിക്കുന്ന ആ അനന്തപ്രഭാവന്റെ മുൻപിൽപ്രഭാവംഎവിടെ, കീടങ്ങളായ മനുഷ്യരുടെ വിജയസ്ഥാനമാനാദികളെവിടെ!!

നമ്മുടെ പ്രവൃത്തികളിൽ അല്പവിലയെങ്കിലും കൽപ്പിക്കാവുന്നതായി നിയോഗമല്ലാതെ മറെറാന്നുമില്ല. ദൈവത്തിനെ സ്നേഹിക്കുന്നതിനും, സേവിയ്ക്കുന്നതിനും ഉള്ള അത്യാഗ്രഹമാണു് മാർ യൗസേപ്പിനെ പുണ്യവാനാക്കിത്തീർത്തതു്. "ദൈവത്തിന്റെ വരുതിവെടിഞ്ഞീധരണിയിലൊന്നും വരുമാറില്ലെന്നുള്ളതത്വം" ശരിയായിട്ടഗ്രഹിച്ചും കൊണ്ടുംപ്പരിതാപത്തേയടക്കിഉൾക്കി, ദാരിദ്ര്യത്തേയും പീഡകളേയും ഹൃദയപൂർവം സ്നേഹിച്ചു് അദ്ദേഹം കാലം നയിച്ചുവന്നു. തന്റെ കഷ്ടതകളെ ഈശോയുടേതുമായി താരതമ്യപ്പെടുത്തി, പിറുപിറുക്കാതെയും, കുറ്റം പറയാതെയും ദൈവതിരുമനസ്സിനും കീഴ്വഴങ്ങിവന്നിരുന്നു. അതിനാൽ "വഹ്നിസന്തപ്തലോഹസ്ഥാംബുവിന്ദുനാ സന്നിഭ"മായിരിക്കുന്ന മർത്യജന്മത്തേയും, ലോകജീവിതത്തേയും, അദ്ദേഹം വിഗണിച്ചുകളഞ്ഞു. "ചക്ഷുശ്രവണ ഗളസ്ഥമാം ദർദ്ദുരം ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ കാലാഹിനാപഹരിത്രസ്തമാംലോകവും ആലോലമോതസാ ഭോഗങ്ങളും" തേടുമ്പോൾ മാർയൗസപ്പു് സ്വയം ദൈവത്തിനു തന്നെ മുഴുവൻ സമർപ്പിച്ചു. അദ്ദേഹത്തിന്റെ അഭിമതങ്ങൾക്കെല്ലാം വിധേയനായി ജീവിച്ചു. അതുകൊണ്ടു് ദുഃഖിച്ചും പ്രാർത്ഥിച്ചും ബുദ്ധിമുട്ടിയും കഴിച്ചുകൂട്ടിയ അദ്ദേഹത്തിന്റെ ജീവിതം "ഈശോ."യുടെയും "മറിയത്തിന്റെയും" കരങ്ങളിലൂടെ അദ്ദേഹം സ്വർഗീയാധികാരിയുടെ സമക്ഷം സമർപ്പിച്ചു.

നമുക്കും ഇതു് എന്തുകൊണ്ടു് അനുകരിച്ചുകൂടാ? അദ്ദേഹത്തിന്റെ പാദചിഹ്നങ്ങളെ അനുഗമിച്ചു ആത്മാവിനെ ശുദ്ധീകരിക്കുന്നതിനു് എന്താണു് തടസ്സം?

പുണ്യവാനാകുന്നതിനു് നിങ്ങളുടെ ഇപ്പോഴത്തെ തൊഴിൽ ഒക്കെയുപേക്ഷിച്ചു് ലോകത്തിൽനിന്നും അതിന്റെ നശീകരണ തന്ത്രങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കുവാനായി, വനാന്തരങ്ങളിലും ഗുഹകളിലും പോയി തപസ്സുചെയ്യേണ്ട ആവശ്യമില്ല. നാം ദിവസേന ചെയ്യുന്നതെല്ലാം ദൈവസ്തുതിക്കായി നിയോഗിക്കുക. ഈ നിയോഗം വയ്ക്കുന്നതിനു ദൈവത്തിന്റെ സർവസാന്നിദ്ധ്യത്തേപ്പറ്റി ഒരു ബോധമുണ്ടായേതീരൂ. മാംസചക്ഷുസ്സുകൊണ്ടു ദൃശ്യമല്ലാത്ത ആത്മാവിൽ സചേതപിയെ മനോദൃഷ്ടികൊണ്ടു നോക്കുക. "നാം ജീവിക്കുന്നതും, ചലിക്കുന്നതും, സ്ഥിതിചെയ്യുന്നതും അദ്ദേഹത്തിലാ"ണെന്നു അപ്പോൾ നമുക്കു മനസ്സിലാകും.

ഇതേസമയംതന്നെ ആയുസ്സു മുന്നോട്ടു ത്വരിതഗമനം ചെയ്യുകയാണെന്നു ഓർക്കുക. അഭിവൃദ്ധിക്കായി ഇപ്പോഴേ ശ്രമിക്കുക. ആളില്ലെന്നും, തയ്യാറില്ലെന്നുംമറ്റും പറഞ്ഞാൽ മരണം സമ്മതിയ്ക്കില്ല.

അതിനാൽ നിങ്ങളുടെ കുടുംബകാര്യങ്ങൾ എല്ലാംശരിയാക്കി ഭരണീയരെ ദൈവപ്രകാശത്തിലേക്കാനയിക്കുക. സുകൃതപ്രവൃത്തികൾകൊണ്ടു് ആയുസ്സിനെ മഹത്വീകരിക്കുക.

"പ്രായംമനുഷ്യന്നുകണക്കുകൂട്ടുവാൻ
പോകും വയസ്സെണ്ണുകയല്ലവേണ്ടൂ
മായംവിനാചെയ്തസുകൃത്യമെണ്ണീ
ട്ടായുസ്സതിൻദൈർഘ്യമളന്നിടേണം.

എന്നാണു പറയുന്നതു്. "മായംവിനാ ചെയ്തസുകൃത്യങ്ങൾ" നിങ്ങളെ നിത്യഭാഗ്യത്തിനും അർഹന്മാരാക്കും. ആഭാഗ്യമാണു സാക്ഷാൽ ഭാഗ്യമെന്നുള്ളതു നിങ്ങളുടെ മനസ്സിൽ എപ്പോഴും ഇരിക്കട്ടെ. ധൈര്യത്തോടും ദീർഘദൃഷ്ടിയോടുംകൂടെ പ്രവൃത്തിച്ചു് ദൈവവുമായി ഏകീഭവിക്കുവാൻ യത്നിക്കുക. അതാണു് മാർയൗസേപ്പിനു് ലോകത്തോടുള്ള മഹത്തായ സന്ദേശം.

എം. എം. കുഴുൻ പൊൻകുന്നം.

കുസുമിക്കുമ്പു്.

(ഒരു പ്രഹസനം)

(പി. ഉലഹന്നാൻമാപ്പിള ബി. എ)

ഒന്നാംരംഗം

(പ്രശാന്തമായ ഒരു പ്രഭാതത്തിൽ കന്യകാമഠത്തിലേ കമനീയോദ്യാനം ബാല്യത്തെ അതിയാനം ചെയ്തുതുടങ്ങിയിരിയ്ക്കുന്ന രണ്ടു വിദ്യാർത്ഥിനികളുടെ സൈരവിഹാരത്തിനു് രംഗഭൂവായി വിലസുന്നു. സദ്യൽപ്രഫുല്ലങ്ങളായി, സൌരഭ്യനിഷ്യന്ദിനികളായി, സുഷമാഗാരങ്ങളായി, അരാമലാവണ്യത്തെ പരിപോഷിപ്പിച്ചു ശോഭിക്കുന്ന പനിനീർചെമ്പകസുമങ്ങളുടെ ഉദീർണ്ണകാന്തിയെ ഹസിച്ചുകൊണ്ടു പ്രസരിക്കുന്ന തുമന്ദഹാസമാരവിയ്ക്കാസ്പദങ്ങളായ അനനസരോജാതങ്ങളോടു സമ്മേളിച്ചിരിക്കുന്ന ആ ബാലികാമതല്ലികമാർ ഹസ്തേന ഹസ്താവലംബികളായും, പരിപൂതമായ സൌഹാർദ്ദത്തിന്റെ മൂർത്തീകൃതസതത്വങ്ങളായും, പ്രായാനുസൃതമായ വേഷഭൂഷകളും മാത്രം അണിഞ്ഞു് മന്ദം മന്ദം ഉലാത്തിക്കൊണ്ടിരിയ്ക്കുന്ന കാഴ്ച കാണേണ്ടതു തന്നെ. അവർ ഓരോപാട്ടു പാടിയശേഷം സഖീദ്വയത്തിൽ ഒരുവളായ അച്ചാമ്മ തന്റെ കൈയിൽ ലാളിച്ചുകൊണ്ടിരുന്ന ഒരു റോസ്പുഷ്പത്തെ നോക്കിക്കൊണ്ടു പറഞ്ഞു.)

അച്ചാമ്മ:-. "അയ്യോടി! ഹാ, എത്രമനോഹരമായ പുഷ്പം! ആലീസിന്റെ മുഖത്തിനോടു് ഇതിനുനല്ല സാമ്യം. അതുകൊണ്ടു് ഇതുനിന്റെ തലയിൽ ഇരിക്കട്ടെ"-(തലയിൽ ചൂടിയ്ക്കാൻ തുടങ്ങുന്നു.)

ആലീസ്:-. (സഖിയുടെ ഉദ്യമത്തെ തടഞ്ഞുകൊണ്ടു് പുഞ്ചിരിയോടുകൂടി) "കവിഹൃദയം സ്പഷ്ടമായി. പക്ഷെ, ഉപമേയം ഒന്നു മാറിപ്പോയി എന്നു മാത്രം. പറയുന്നയാളിന്റെ മുഖചന്ദ്രൻ പൊഴിക്കുന്ന തുനിലാവേറ്റിട്ടു് ആ പുഷ്പം വാടുന്നതു കാണാനുള്ള കണ്ണു് നിന്റെ വിനയയവനികയാൽ മൂടുന്നതുകൊണ്ടെന്താണുപെണ്ണേ പ്രയോജനം.

അച്ചാമ്മ:—വിനയം സ്ത്രീക്കു ഭൂഷണമാണെങ്കിലും ഇങ്ങനെ ഇല്ലാത്തതു പറയാനും, ഉള്ളതു മറയ്ക്കാനും തുടങ്ങുന്നതു് അത്ര ആശാസ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഏതായാലും ഈ പുഷ്പം ഇപ്പോൾ നിന്റെ തലയ്ക്കുതന്നെ ചേച്ചു്. പോരെങ്കിൽ ഇന്നു് തന്നെ ഞങ്ങൾ ഒരുദ്യുക്ഷയാക്കാൻ തീരുമാനിച്ചിരിക്കുന്നതുകൊണ്ടു് ഈ സുമധാരണം അതിന്റെ ഒരു പ്രാരംഭചടങ്ങുകൂടിയാണു്. (ചൂടിക്കുന്നു) ഹാ ഈ പുഷ്പം എത്ര സ്ഥാനസ്ഥമായിരിക്കുന്നുവെന്നു നോക്കുക.

ജൂലീസു്:—നീ ഇങ്ങനെ ഒരു വായാടിയായിട്ടതീന്നല്ലൊ പെണ്ണേ. കഷ്ടം! അതിമില്ലാത്ത ഈ അതിസ്തുതിയുടെ—ഞാനൊന്നും പറയുന്നില്ല. എന്നെപ്പിടിച്ചു് എന്തുദ്യുക്ഷയാക്കാനാണു നീ ഒരുങ്ങുന്നതു്?

അച്ചാമ്മ:—നിയമസഭ; നിയമസഭാദ്യുക്ഷയാക്കാൻ. ഇന്നൊരു തമാശുപറയിക്കാൻ നിശ്ചയിച്ചിരിക്കുന്നു. ഇന്നുച്ചയ്ക്കു നമുക്കിവിടെ ഒരു നിയമസഭക്രടണം, എന്താ? ഉല്ലാസനേരത്തു്?

ജൂലീസു്—ഹോ! മടുത്തു. ഈ പെണ്ണിനെക്കൊണ്ടു പൊറുക്കാൻ മേലെന്നായല്ലോ. എന്താ ഈയിടെ വല്ലപ്രമേഹങ്ങളുമിളകിയിട്ടുണ്ടോ? എന്നാൽ നിയമസഭയല്ല ഒരു വൈദ്യസഭയാണു ക്രടേണ്ടതു്.

അച്ചാമ്മ:—"അതുതന്നെ; ചിലർക്കു് ചിലപ്രമേഹങ്ങളോ, പ്രമാദങ്ങളോ ഒക്കെയുള്ളതു് നിരുത്തലാക്കാൻ ഒരുരക്കെയു്—നമ്മുടെ പ്രീഫെക്ററ്സിസ്റ്ററിനെ ഒരു നല്ലപാഠംപഠിപ്പിക്കണം.

ജൂലിസു്—"ങ്ഹാ! ഭേഷായി! എന്നാൽ ബോർഡിംഗിൽനിന്നിറങ്ങാൻ കെട്ടുകെട്ടി വെച്ചിട്ടുവേണം.

അച്ചാമ്മ:—(പുരസപരത്തിൽ) ങ്ഹോ! ബോർഡിംഗ് പ്രീഫെക്ടിന്റെ കൈയിലാണു്! പണിയൊക്കെപ്പററിച്ചു കഴിഞ്ഞു; താനല്ലേ ഇപ്പോഴത്തെ മോണിട്ടറോ, മോണിട്ടറസ്സോ ഒക്കെ. അതുകൊണ്ടു് ദിവാൻ പ്രസിഡ

ൻറിൻെറ ഭാരം ഭംഗിയാംവണ്ണം നിർവഹിച്ചാൽ ബാക്കി യൊക്കെ ശരിയാക്കിക്കൊള്ളാം.

ആലീസ്:-- സിസ്റ്ററിൻെറ ചിലഎടുത്തുചാട്ടങ്ങളും നിറുത്താൻ ഇതുകൊള്ളാം. പക്ഷെ, പുറത്തുചാട്ടം വല്ലവക്കും വന്നാൽപിന്നെ വയ്യാവേലിയായി.

അച്ചാമ്മ:-- എന്നാലതും ചാടിക്കടക്കണം. എടുത്തുചാട്ടവും, ഈ സംശയവും, സ്ക്രൂപ്പിള്ളും ഒക്കെക്കളയാൻ മറുമാർഗ്ഗ മൊന്നുമില്ല. ഇന്നലെ ഒരു കൃതിയുണ്ടായതു കേട്ടോ?

ആലീസ്:--എന്താ പദ്യമോ ഗദ്യമോ?

അച്ചാമ്മ:--(സ്നേഹജന്യമായ വൈരസ്യത്തോടെ തോഴിയെ പെട്ടെന്ന് ഒന്നു പിച്ചിക്കൊണ്ട്) നിൻെറതല--അല്ലപിന്നെ --നമ്മുടെ സിസ്റ്ററിനൊരുതപ്പുണ്ടായി.

ആലീസ്.—എന്തു്, പുതപ്പോ?

അച്ചാമ്മ.— "തേങ്ങാക്കൊല!—സംസ്കൃതംതന്നെ പഠിച്ചാൽ പോര; പച്ചമലയാളവും കുറെറ്റടിസ്ഥമാക്കണം. സ്ക്കാൻഡൽ ഇല്ലേ? അതാണീ ഉതപ്പെന്നുപറയുന്നസാധനം. മനസ്സിലായോ?

ആലീസ്.— ഓഹോ! എന്താണെടോ അതു്? സുരക്ഷിതമായ ഈ മാളികയ്ക്കുള്ളിൽ ആകാശഭ്രമികഥം മാത്രമല്ലാതെ, ഇടത്തോട്ടും വലത്തോട്ടുംനോക്കാതെ, Steady attention വടിപത്തലുപോലെനടക്കുന്ന നമ്മുടെ സിസ്റ്ററിനെന്താ 'പൊതപ്പു്'— അല്ല Scandalനു്വഴി?

അച്ചാമ്മ.— അത്തരക്കാരെയല്ലേ ഈ ഉതപ്പെന്നകന്തം നേരിടുന്നതു്? ഇന്നലെ എൻേറടീ, എനിയ്ക്കാരെഴുത്തുവന്നു. അതു സിസ്റ്റർപൊട്ടിച്ചു വായിച്ചുകൊണ്ടിരുന്നപ്പോൾ ഞാനുംചെന്നുപറഞ്ഞു.

ആലീസ്:—മതിമതി, മനസ്സിലായി. അതുരോവല്ല 'സരസപദ്യ'യും,—

അച്ചാമ്മ.— എന്നതു് നീ കേൾക്കെടീപെണ്ണേ;— എഴുത്തുവായിച്ചുകഴിഞ്ഞപ്പോഴല്ലേ പൊന്നേ— "ഫൂ"— എന്നൊരുതുപ്പും, "ഡീ" എന്നൊരു പൊട്ടും.— കടലാ

സുരണ്ടുകഷണം; അതുനിറയെ തുപ്പല്. എന്റെറനേരെ ഒരുനോട്ടം. എന്റെറ ആലീസെ, ഒരു ഛായാഗ്രാഹി അപ്പോഠം കിട്ടിയെങ്കിൽ നമ്മുടെ സിസ്റ്ററിന്റെറ അപ്പോഴത്തെ ആ ഭാവവും നിലയുമെല്ലാം ഇപ്പോഠം കാണിയ്ക്കാമായിരുന്നുകേട്ടോ.

ആലീസ്.— എന്തായിരുന്നെടോ സംഗതി? എഴുത്താരുടേതായിരുന്നു?

അച്ചാമ്മ— കുഞ്ഞാങ്ങളയുടെ എഴുത്തായിരുന്നു. അതിന്റെറ അടിയിൽ "അടുത്തുവരുന്ന അമലോത്ഭവതിരുനാളിന്റെറ മംഗളാശംസയും ഈ കുഞ്ഞാങ്ങളയുടെ വാത്സല്യമസ്സണമായ ഒരു ചുംബനവും ഇതുസഹിതം അയച്ചുകൊള്ളുന്നു." എന്നെഴുതി.— ഹോ! സന്മാർഗ്ഗഹമ്മ്യത്തിന്റെറ സകലനിലകളും അടിച്ചുപൊട്ടിയ്ക്കാനിരുന്ന ആ 'ചുംബനച്ചാത്തനെ, ആട്ടിയ ആട്ട്'!— ഹോ! ഹോ! എന്റെറ ആലീസേ! നീ അവിടെഇല്ലാതെപോയല്ലോ. (രണ്ടുപേരും ചിരിച്ചു് മൂക്കിൽകൈവയ്ക്കുന്നു.) അതുകൊണ്ടു് ഇത്തരം സ്ക്രൂപ്പിളും, ഉതപ്പും തൊപ്പിയുമൊക്കെ കളയാൻ ഇന്നുച്ചയ്ക്കു് നിയമസഭയൊന്നുക്കൂടാൻ നിശ്ചയിച്ചുകഴിഞ്ഞു. തന്നെഞങ്ങടം ബലമായിപിടിച്ചുകൊണ്ടുവന്നു് ഇരുത്തിക്കൊള്ളാമെടോ. ആലീസ് നിവൃത്തിയില്ലഞ്ഞു് ഞങ്ങളെ പേടിച്ചു് പോന്നിരിക്കുന്നെന്നിരുന്നാൽമതി. സിസ്റ്ററിനെവിളിച്ചു് സൂത്രത്തിൽ നടപടികടം കേൾപ്പിയ്ക്കാനും ചട്ടംകെട്ടിക്കഴിഞ്ഞു.

ആലീസ്:—മടറിവിടെയില്ല. വല്ലകഴപ്പുംവരുത്തിവഷളാകരുതു്.

അച്ചാമ്മ.—വന്നാലിത്രയേഉള്ളേ! വരാതെഞാൻ നോക്കിക്കൊള്ളാം. കഷ്ടം—സിസ്റ്ററിന്റെറ കഥയില്ലായ്മകളോത്താൽ പാവംതോന്നും-മറുവിധത്തിൽനോക്കിയിട്ടു് ഫലംകാണുന്നില്ല. അതിനാൽ ഒരുതമാശു്. നെയ്യപ്പംതിന്നാൽ ഗുണംരണ്ടുണ്ടെടോ. വരു, ബാക്കിയൊക്കെപ്പുറത്തുതരാം.

കത്തോലിക്കാവിദ്യാഭ്യാസം.

(K. K.)

ഇതുസംബന്ധിച്ചുള്ള കാനൻ നിയമങ്ങൾ താഴെ ചേർക്കുന്നു.

കാനൻ ൧൨൧൩. മതപരമായും സാന്മാർഗ്ഗികമായും, ഇതിനുപുറമെ കായികവും മാനസികവുമായി ക്രമേണയും, കുട്ടികൾക്കു വിദ്യാഭ്യാസം നൽകുന്നതിനും, അവരുടെ ഐഹികോൽക്കർഷത്തേക്കുടി പുലർത്തുന്നതിനും, മാതാപിതാക്കന്മാർ ഏറ്റവും കടപ്പെട്ടിരിക്കുന്നു.

കാ. ൧൩൧൪. എല്ലാ കത്തോലിക്കരേയും, കത്തോലിക്കാവിശ്വാസത്തിനും, സന്മാർഗ്ഗത്തിനും, വിപരീതമായി യാതൊന്നും പഠിപ്പിക്കാതെയും എന്നാൽ ഈ സംഗതികളിൽ കത്തോലിക്കാപരിശീലനം യഥാർത്ഥത്തിൽ നൽകിയും വളർത്തേണ്ടതാകുന്നു.

കാ. ൧൩൧൫. എല്ലാപ്രാഥമികവിദ്യാലയങ്ങളിലും, കുട്ടികളുടെ പ്രായത്തിനു യോജിച്ചവിധത്തിൽ വേദോപദേശം നൽകപ്പെടണം. മിഡിൽ സ്ക്കൂളുകളിലും ഹൈസ്ക്കൂളുകളിലും ഉള്ള ചെറുപ്പക്കാർ, മെത്രാൻ ഈ ജോലിക്കു തിരഞ്ഞെടുക്കുന്ന പ്രത്യേകശ്രേഷ്ഠകാന്തിയും യോഗ്യതയും ഉള്ള വൈദികരിൽനിന്നും സമഷ്ടിയായി വേദോപദേശം അഭ്യസിക്കണം.

കാ. ൧൩൧൬. അകത്തോലിക്കരാൽ നടത്തപ്പെടുന്നവിദ്യാലയങ്ങളിലൊ, നിഷ്പക്ഷ(മതവിദ്യാഭ്യാസം കൊടുക്കാത്ത) വിദ്യാലയങ്ങളിലൊ, അകത്തോലിക്കു വിദ്യാർത്ഥികളേക്കുടി പ്രവേശിപ്പിക്കുന്ന മിശ്രവിദ്യാലയങ്ങളിലോ, കത്തോലിക്കു ബാലജനങ്ങളെ അയയ്ക്കുവാൻ പാടുള്ളതല്ല. ഏതെല്ലാം സാഹചര്യങ്ങളിലും, വിശ്വാസം നഷ്ടമാകാതിരിക്കുവാൻ വേണ്ടി ഏതെല്ലാം മുൻകരുതലുകളോടുകൂടിയും ഇങ്ങനെയുള്ള വിദ്യാലയങ്ങളിൽ പഠിക്കുവാൻ കത്തോലിക്കാബാലരെ അനുവദിക്കാമെന്നുള്ളതു പരിശുദ്ധസിംഹാസനത്തിന്റെ ഉപദേശാനുസരണം തീരുമാനിക്കുന്നതിനുള്ള അവകാശം മിസ്സൂത്തിന്റെ മെത്രാനിൽ സ്ഥിതിചെയ്യുന്നു.

കാ. ഫ വ്യവ—ന. അദ്ധ്യാപകരേയും, പാഠപുസ്തകങ്ങളെയും അംഗീകരിക്കുവാനും മതതത്വങ്ങളേയും, സാന്മാർഗ്ഗികാവകാശങ്ങളെയും പരിപാലിക്കുവാൻ വേണ്ടി, (അനാശാസ്യരായ) അദ്ധ്യാപകരേയും (അനാശാസ്യങ്ങളായ) പാഠപുസ്തകങ്ങളേയും നിഷ്കാസിക്കുന്നതിനു് നിർബന്ധിക്കുവാനുമുള്ള അവകാശം മിസ്സത്തിന്റെ മെത്രാനിൽ സ്ഥിതിചെയ്യുന്നു.

ഇവ് കാനോനാകളിൽനിന്നും താഴെപ്പറയുന്നവ സിദ്ധമാകുന്നു.

ക. കുട്ടികൾക്കു് ആവശ്യമുള്ള വിദ്യാഭ്യാസം ചെയ്യിച്ചുകൊടുക്കേണ്ട ഗുരുവാവാനമായ ചുമതല സ്ഥിതിചെയ്യുന്നതു് മാതാപിതാക്കന്മാരിലത്രെ.

ഖ. കുട്ടികൾക്കു നൽകുന്ന വിദ്യാഭ്യാസം യാതൊരുവിധത്തിലും കത്തോലിക്കാ മതപാനങ്ങൾക്കു വിപരീതമായിരുന്നുകൂടാ.

ഗ. നേരേമറിച്ചു് ആരംഭം മുതൽ അവരെ മതപരമായ പരിശീലനത്തോടുകൂടി വിദ്യഅഭ്യസിപ്പിക്കേണ്ടതാണു്.

ഘ. ഇതിനായി എല്ലാപ്രാഥമികവിദ്യാലയങ്ങളിലും വേദപാഠം പഠിപ്പിക്കണം.

ങ. ഉയൻക്ലാസ്സുകളിൽ (മിഡിൽസ്ക്കൂളുകളിലും, ഹൈസ്ക്കൂളുകളിലും) കൂടുതലായ മതാഭ്യസനം നൽകണം.

ന. ഇത്തരം ഉയൻക്ലാസ്സുകളിൽ വേദപാഠം നൽകേണ്ടതു് ഇതിനു യോഗ്യന്മാരെന്നു മെത്രാൻ നിശ്ചയിക്കുന്ന വൈദികരത്രെ.

ച. യാതൊരുവക അകത്തോലിക്കാ സ്ക്കൂളുകളിലും കത്തോലിക്കാവിദ്യാർത്ഥികൾ അഭ്യസനം നടത്തിക്കൂടാ.

വ. അത്യാവശ്യമെന്നു തോന്നുന്ന അവസരങ്ങളിൽ കത്തോലിക്കാ വിദ്യാർത്ഥികൾക്കു് അകത്തോലിക്കാ സ്ക്കൂളുകളിൽ അഭ്യസനം അനുവദിക്കാമോ എന്നു നിശ്ചയിക്കേണ്ട അധികാരം മിസ്സത്തിന്റെ മെത്രാനു മാത്രമേ ഉള്ളൂ.

ൻ. ഇപ്രകാരമുള്ള അനുവാദം നൽകുന്നതു പരിശുദ്ധസിംഹാസനത്തിൽനിന്നുള്ള ഉപദേശം അനുസരിച്ചും അകത്തോലി

ക്കസ് ക്രൂളുകളിൽ പോകുന്ന വിദ്യാർത്ഥികൾക്ക വിശ്വാസത്തിലും സന്മാർഗ്ഗത്തിലും യാതൊരു ക്ഷയവും പറ്റാതിരിക്കുന്നതിനു വേണ്ട മുൻകരുതലോടുകൂടെ മാത്രം വേണ്ടതും ആണു്.

൧൦. സാക്ഷാൽ കത്തോലിക്ക വിദ്യാഭ്യാസത്തെ അനുകൂലിക്കുന്ന അല്ലെങ്കിൽ പ്രതികൂലിക്കുന്ന പുസ്തകങ്ങളേയും ഉപാദ്ധ്യായന്മാരെയും അംഗീകരിക്കയോ നിരാകരിക്കയോ ചെയ്യേണ്ട അവകാശവും കടമയും മെത്രാന്മാക്കുണ്ടു്.

സാക്ഷാത്തായ കത്തോലിക്ക വിദ്യാഭ്യാസത്തിന്റെ മൂലപ്രമാണങ്ങളാണു് മേൽഉദ്ധരിച്ച എത്രയും ഗൗരവമായ സഭാനിയമങ്ങൾ. ഇതിലേ തത്വങ്ങൾ എല്ലാ രക്ഷകർത്താക്കന്മാരുടേയും വൈദികരുടെയും എന്നുമാത്രമല്ല കത്തോലിക്കാവിദ്യാഭ്യാസത്തിൽ ഉദ്യുക്തരായിരിക്കുന്ന അദ്ധ്യാപകന്മാർ, സ്ക്രൂം അധികൃതന്മാർ, ഇവരുടേയും, വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കുന്ന ഇടവകയോഗക്കാരുടേയും, വികാരിമാരുടേയും, അതുപോലെതന്നെ, കത്തോലിക്ക വിദ്യാഭ്യാസപ്രവർത്തനത്തോടു മല്ലിടുന്ന ഗവർമ്മേണ്ടധികാരികൾ, ഇതരമതസ്ഥർ എന്നിവരുടെയും പ്രത്യേകശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടവയത്രെ. വിദ്യാഭ്യാസസംബന്ധമായ ഈ നിയമങ്ങൾ ഒരു രാജ്യത്തേയോ, ജാതിയേയോമാത്രം സ്പർശിക്കുന്നതോ, അല്ലെങ്കിൽ ഒരു കാലഘട്ടത്തേക്കു മാത്രമുള്ളതോ അല്ല. ഇവ അപ്രമാദമായ കത്തോലിക്കാമതസിദ്ധാന്തങ്ങളോടും അനിഷേദ്ധ്യമായ സ്വഭാവനീതിയോടും അവിഭാജ്യമായി ബന്ധിച്ചു കിടക്കുന്നവയത്രെ. അതിനാൽ ഈ തത്വങ്ങളെ പാലിച്ചു പോരുന്നതിനു സഭ ഭൂമുഖത്തുള്ള യാതൊരു ശക്തിയേയും ക്രൂശുന്നതല്ലെന്നു അമേരിക്ക, ഇംഗ്ലണ്ട്, ഇറലി ഈ രാജ്യങ്ങളിലെ കത്തോലിക്ക വിദ്യാഭ്യാസത്തിന്റെ ചരിത്രം നോക്കിയാൽ മതി. ഇറലിയിൽ ഈ അടുത്തകാലത്തു മുസ്സോലിനിയുടെ ഗവർമ്മെണ്ടു വിദ്യാഭ്യാസവിഷയത്തിൽ ചെയ്യാനുദ്ദേശിച്ച കൈകടത്തലുകളെ ലാക്കാക്കിയാണു കഴിഞ്ഞവർഷം പരിശുദ്ധപിതാവു് കത്തോലിക്കാവിദ്യാഭ്യാസത്തിന്റെ നാനാമുഖങ്ങളെ സ്പഷ്ടീകരിച്ചു് ഒരു പരസ്യലേഖനം പുറപ്പെടുവിച്ചതു്.

ഇൻഡ്യയിലെ കത്തോലിക്കാ നേതാക്കന്മാരും ഇക്കാര്യത്തിൽ ഉണർന്നു പ്രവർത്തിക്കുന്നു എന്നുള്ളതു് കുറേമാസങ്ങൾക്കു മുൻപു്, മംഗലാപുരത്തുവച്ചുകൂടിയ സർവ്വേന്ത്യാകത്തോലിക്കാ കോൺഫറൻസിൽ കത്തോലിക്കാ വിദ്യാഭ്യാസം സംബന്ധിച്ചു പാസ്സാക്കിയ നിശ്ചയങ്ങളും സാക്ഷ്യം വഹിക്കുന്നു. കൂടാതെ വിദ്യാഭ്യാസവിഷയത്തിൽ കത്തോലിക്കർ സ്ഥാപിച്ചുകിട്ടേണ്ടതായ അവകാശങ്ങൾക്കായും മറ്റും സർവ്വാ പ്രയത്നിക്കുന്നതിനു തെക്കേഇൻഡ്യായിലെ കത്തോലിക്കാ വിദ്യാഭ്യാസനേതാക്കന്മാർ കൂടിയുള്ള "കത്തോലിക്കാ വിദ്യാഭ്യാസകൌൺസിൽ" സംഘടിതമായി പ്രശസ്തമായ രീതിയിൽ പ്രവൃത്തി നടത്തിപ്പോരുന്നുണ്ടു്. എന്നാൽ നമ്മുടെ മലയാളത്തെ വിദ്യാഭ്യാസസമ്പ്രദായകം അനേഷിക്കയാണെങ്കിൽ നമുക്കു ധാരാളം കത്തോലിക്കാസ്കൂളുകളും ഉണ്ടായിട്ടുള്ളതായും ഇനിയും ഉണ്ടായിക്കൊണ്ടിരിക്കുന്നതായും കാണാം. എന്നാൽ വിദ്യാഭ്യാസസംബന്ധമായി നമുക്കു പലപ്രധാനസമ്പ്രദായങ്ങളും സ്വാതന്ത്ര്യക്കുറവുമുണ്ടു്. ഇതിലും പ്രധാനമായി നമ്മുടെ സ്കൂളുകളെ മേൽ ഉദ്ധരിച്ച സ്ഥാനീയമണ്ഡലങ്ങൾക്കു് ഏറ്റവും അനുരൂപമായവിധത്തിൽ കത്തോലിക്കാമയമാക്കിത്തീർക്കുവാനുമുണ്ടു്. ഈ ഉദ്ദേശസംഗതികളിൽ നമ്മുടെ ശ്രദ്ധ പതിയേണ്ടതും അതിനായി നമ്മുടെ വിദ്യാഭ്യാസപ്രവർത്തകന്മാർ യോജിച്ചു പ്രവർത്തിക്കേണ്ടതും അത്യാവശ്യമായിരിക്കുന്നു.

രണ്ടുകുപ്പി ബ്രാണ്ടി വാങ്ങിക്കുന്നതിനു പണവുംകൊണ്ടുപോയ വേലക്കാരൻ ഒരുകുപ്പികൊണ്ടന്നതിനെ "കുപ്പിനന്നിയില്ല" തിനാൽ രണ്ടാമതു മറ്റൊരുകുപ്പി യജമാനന്റെ മേശയിൽകൊണ്ടുചെന്നു വച്ചുകൊടുത്തു. അതുകണ്ടു കോപിഷ്ഠനായ:—

യജമാനൻ. എടാ! രണ്ടുകുപ്പിബ്രാണ്ടികൂട്ടിലേതാൻ പണംതന്നതു്?

വേലക്കാരൻ. അതേയജമാനനേ!—യ. എന്നിട്ടു രണ്ടുകുപ്പിഎവിടെ?—വേ. അതുമിതുമല്ലേഇതു്.—യ. ശരി. മറ്റേകുപ്പിഎവിടെ?—വേ. അതുതന്നെയല്ലേഇതു്.—യ. എടാമഠയ! രണ്ടുകുപ്പിവാങ്ങിയില്ലേ?—വേ. ഒരുപ്പ് യജമാനനേ!—യ. എന്നിട്ടതെവിടെ?—വേ. തന്നല്ലേഇതു്.—യ. മറ്റേതോ?—വേ. മറ്റേതുതന്നെഅണ്ണിതു്.

കത്തോലിക്കു പരിശ്രമം

മാച്ചുമാസത്തിലെ പൊതുനിയോഗം.



"കത്തോലിക്കു പരിശ്രമം" എന്നാൽ എന്തു? ലൌകിക ശക്തികളും ദൈവികശക്തികളും തമ്മിൽ നിരന്തരമായ ഒരു പോരാട്ടം നടന്നുകൊണ്ടാണിരിക്കുന്നതു് ദൈവവിശ്വാസം കുറഞ്ഞും വെറും ലൌകികവിദ്യാഭ്യാസമുള്ള ആസക്തി വർദ്ധിച്ചും വരുന്ന ഇക്കാലത്തു് ദൈവഭക്തിയും ആദ്ധ്യാത്മികചിന്തയും ഉപര്യുപരി വർദ്ധിച്ചുവരുന്നതിലേക്കു് ആധുനികകാലത്തെ മാദ്ധ്യാത്മാക്കൾ പ്രോത്സാഹിപ്പിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു പ്രവൃത്തിപദ്ധതിയെയാണു് "കത്തോലിക്കു പരിശ്രമം" എന്നു നാം ഉദ്ദേശിക്കുന്നതു്.

കത്തോലിക്കു പരിശ്രമങ്ങൾ പലവിധത്തിലാവാം. ഏതെങ്കിലും ഒരു രാജ്യത്തിൽ കത്തോലിക്കു വിദ്യാഭ്യാസത്തിനെ

തിരായ രാജനിയമങ്ങളം നടപ്പിലിരിക്കുന്നു എന്നുവിചാരിക്കുക. ഈ നിയമങ്ങളെ റദ്ദുചെയ്യുന്നതിനുവേണ്ടി നടത്തപ്പെട്ടുന്ന പ്രക്ഷോഭണങ്ങളം കത്തോലിക്കു പരിശ്രമത്തിൽ ഉൾപ്പെട്ടുന്നു. അതുപോലെതന്നെ വേറൊരു രാജ്യത്തിൽ കത്തോലിക്കു യുവജനങ്ങളുടെഇടയിൽ അനൈകമത്യം മദ്യപാനം, അലസത, തൽഫലമായ ദാരിദ്ര്യം മുതലായ ദുർഗ്ഗുണങ്ങളം പ്രത്യക്ഷപ്പെട്ടുന്നുവെങ്കിൽ അതിനെതിരായി ചെയ്യപ്പെട്ടുന്ന മൈക്യപരിശ്രമങ്ങളം എല്ലാം കത്തോലിക്കു പരിശ്രമങ്ങൾതന്നെ. അതുപോലെതന്നെ സാക്ഷാത്തായ ദൈവഭക്തി ദൈവവിശ്വാസം മുതലായവയെ എടുത്തുകളയുന്ന സാഹിത്യകൃതികളുടെ പ്രചാരത്തെ തടഞ്ഞ് ദൈവവിശ്വാസത്തേയും ഭക്തിയേയും ഉത്തരോത്തരം വർദ്ധിപ്പിക്കുന്ന കത്തോലിക്കു സാഹിത്യത്തെ പ്രചരിപ്പിക്കുന്നതും കത്തോലിക്കു പരിശ്രമകോടിയിൽ ഉൾപ്പെട്ടുന്നു. ഈവിധത്തിലുള്ള കത്തോലിക്കു പരിശ്രമങ്ങൾക്കു ഇന്നു നമ്മുടെരാജ്യത്തിൽ വളരെ ആവശ്യമുണ്ടെന്നുള്ളതു് സകലർക്കും അറിവുള്ളസംഗതിയാണു്. ഇപ്പോൾ ഭാഗ്യമോടേവാഴുന്ന പതിനൊന്നാംപീയൂസ്മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് കത്തോലിക്കു പരിശ്രമങ്ങളുടെ ഒരു വലിയ പ്രചാരകനാണു്. തന്മൂലമാണു് ഇന്നുകത്തോലിക്കു ലോകത്തിൽകാണുന്ന നാനാവിധമായ അഭിവൃദ്ധികരം ഉണ്ടായിട്ടുള്ളതു്. കത്തോലിക്കു പരിശ്രമങ്ങൾമൂലം ക്രിസ്തീയജീവിതവും കത്തോലിക്കസഭയും അനുദിനം വർദ്ധിച്ചുവരുന്നതിനു് ഈമാസത്തിൽ നാം പ്രാർത്ഥിപ്പാറാകണം.

പ്രത്യേകഅറിയിപ്പു്.

വി. പ്രംസീ. മൂന്നാംസഭയുടെ നിയമപുസ്തകം ആവശ്യപ്പെട്ടുകൊണ്ടു് പല അപേക്ഷകളുംവരുന്നു. പുസ്തകം മൊത്തമായി മാന്നാനത്തു പാർപ്പിക്കുന്നില്ലെന്നിക്കാരെ ഏല്പിച്ചിരിക്കയാണു്. അതിനാൽ മേലാൽ ആവശ്യക്കാർ അവിടെനിന്നും വാങ്ങേണ്ടതാണു്. എന്നു് ഫാദർ മാത്യു ആലക്കളം.

പ്രം: മൂ. സ. സൂപ്പീരിയർ.

പ്രസാധകപ്രഭാഷണങ്ങൾ.

മെത്രാന്മാരുടെ പദവി.

മേലാൽ കത്തോലിക്കസഭയിലെ മെത്രാന്മാരും മെത്രാപ്പോലീത്താമാരും. വത്തിക്കാനിലെ ചില ഉയർന്ന ഉദ്യോഗസ്ഥന്മാരും **His Excellency** എന്നസ്ഥാനപദവിയാൽ അഭിസംബോധനം ചെയ്യപ്പെടേണ്ടതാണെന്നു് പരിശുദ്ധസിംഹാസനം തീർച്ചപ്പെടുത്തിയിരിക്കുന്നതായി ഇംഗ്ലണ്ടിലെ ടൈംസ് പത്രം പ്രസ്താവിക്കുന്നു. ഇതുവരെ ഈ പദവി ദലഗാദപ്പസ്തോലിക്കാമുതലായ ഉന്നതസ്ഥാനികൾക്കു മാത്രമാണു് കൊടുക്കപ്പെട്ടിരുന്നതു്.

യാക്കോബായക്കാരുടെ പുനരൈക്യം.

"ഇൻറർനാഷ്യൻറിവ്യൂ ഓഫ് മിഷ്യൻസ്" എന്നപ്രോട്ടസ്റ്റൻറുമാസികയിൽ ബഥനിആശ്രമസ്ഥരുടെ പുനരൈക്യപരിശ്രമങ്ങളെപ്പറ്റി യഥാർത്ഥവും അനുകമ്പാപരവുമായ ഒരു വിവരണം കൊടുത്തുകാണുന്നു. വേറൊരു ആംഗ്ലിക്കൻമിഷ്യനറി ഇടയിടെ തിരുവനന്തപുരത്തുവച്ചു തുടരെചെയ്തുകൊണ്ടിരുന്ന പ്രസംഗപരമ്പരയിൽ, യാക്കോബായക്കാർ ആദ്യമായി നവീകരണക്കാരോടും പിന്നീടു പ്രോട്ടസ്റ്റൻറുകാരോടും യോജിച്ചശേഷം ഒടുവിൽറോമ്മാസഭയുമായി യോജിക്കേണ്ടതാണെന്നു പ്രസ്താവിച്ചുകാണുന്നു. ഈ "ശിരോവേഷ്ടനപ്രാണായാമം" എന്തിനാണാവോ? ഓരോരുത്തരും ആദ്യമായി റോമ്മാസഭയുമായി യോജിക്കുന്നും ഈ പദ്ധതിയും തമ്മിലുള്ള വ്യത്യാസം നമുക്കു് അത്രസുഗ്രഹമാകുന്നില്ല.

ദലഗാദപ്പസ്തോലിക്കാതിരുമനസ്സുകൊണ്ടു്.

ഇൻഡ്യയുടെ ദലഗാദപ്പസ്തോലിക് എഡ്വർഡ്മണി തിരുമനസ്സുകൊണ്ടു് ജപ്പാനിലേക്കു സ്ഥലം മാറ്റപ്പെട്ടിരിക്കുന്നു. അദ്ദേഹം അമേരിക്കൻ വംശജനും ഭരണകുശലനും വേദപ്രചാരാസക്തനുമായ ഒരു വൈദികശ്രേഷ്ഠനായതുകൊണ്ടു് അദ്ദേഹത്തിൻറെ പേരിൽ ഈ നാട്ടുകാക്കുണ്ടായിട്ടുള്ള ഭക്തിബഹുമാനാ

ദരവുകരം അസാമാന്യമാണ്. അദ്ദേഹം താമസംവിനാ, കത്തോലിക്കു ഭരണകേന്ദ്രത്തിലെ അത്യുൽകൃഷ്ട ജ്യോതിസ്സുകളിൽ ഒരുവനായി തീരുമെന്നു സർവ്വരും പ്രതീക്ഷിക്കപ്പെടുന്നു.

വത്തിക്കാൻകമ്പിയില്ലാത്തപാൽ.

വത്തിക്കാനിൽ പണിപൂർത്തിയായിരിക്കുന്ന കമ്പിയില്ലാക്കമ്പിത്തപാലിന്റെ ഉൽഘാടനം ഈയിടെ നടക്കുന്നതും, തദവസരത്തിൽ ലോകത്തിന്റെ നാനാഭാഗങ്ങളിലും കേൾക്കത്തക്കവിധത്തിൽ മാർപാപ്പാതിരുമനസ്സുകൊണ്ടു വത്തീൻഭാഷയിൽ ഒരു പ്രസംഗം നടത്തുന്നതുമാണെന്നറിയുന്നു.

ഒരു പരീക്ഷാവിജയം

മദ്രാസുഗവർമ്മേന്റു വക സാങ്കേതിക പരീക്ഷയിൽ, സ്ഥലം സെന്റു ജോസഫ്സ് വിവിംഗ്രസ്ക്കൂളിൽനിന്നും നെയ്ത്തു വിഷയത്തിൽ ചേർന്നിരുന്ന കേ. കേ. ഗോപാലൻ എന്നയാൾ പ്രശസ്തമായി വിജയം പ്രാപിച്ചിരിക്കുന്നു.

ഉപകാരസ്മരണകൾ.

സാമുദായികവും പ്രമാദവുമായ ഒരു കേസിനു വിശുദ്ധ കൊച്ചുത്രേസ്യായുടേയും കയ്യാളച്ചേരി മെത്രാനച്ചന്റെയും മാദ്ധ്യസ്ഥത്താൽ വിജയംപ്രാപിക്കുന്നതിനുവേണ്ടി വായനക്കാർ പ്രാർത്ഥിക്കണം, ഫ. ത്രു. പി. എം. എം പുന്നത്തൂർ.

വി. കൊച്ചുത്രേസ്യായുടെസഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനുപകാരസ്മരണ ഫ. ത്രു. വടക്കേക്കര ശ്രീമതി അന്നമ്മ.

തിരുഹൃദയത്തിന്റെ അനുഗ്രഹത്താലും വിശുദ്ധകൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ ഫ. ത്രു. കാലാവടക്കേൽ ചാക്കൊ ഔസേപ്പു.

വിശുദ്ധ കൊച്ചുത്രേസ്യായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനുപകാരസ്മരണ ഫ. ത്രു.

കേ. എസ്സ് ചെറിയാൻ ചങ്ങനാശ്ശേരി.

—*—

വരിക്കാരുടെ
പ്രത്യേക ശ്രദ്ധയ്ക്ക്.

"മദ്ധ്യസ്ഥൻ" മാസികയുടെ ൩-ാം പുസ്തകത്തിന്റെ ൯-ാം ലക്കമാണല്ലൊ ഇപ്പോൾ പുറപ്പെട്ടുന്നത്. മാസികാ ബന്ധുക്കളോരോരുത്തരും മൂന്നാം പുസ്തകത്തിന്റെ ഓരോ രൂപാ വീതമുള്ള സംഖ്യയും കടിശിക ഉണ്ടായിരുന്നാൽ ആ സംഖ്യയും ഉടനേതന്നെ കൊടുത്തു് രസീതു വാങ്ങിക്കൊള്ളാനപേക്ഷ. മാസിക യഥാസമയം കിട്ടാത്തവർ വിവരം ഉടൻ ആഫീസിലറിയിക്കുന്നതു് ഉചിതമായിരിക്കും. വരിപ്പണം ആവശ്യപ്പെട്ടുമ്പോൾമാത്രം മാസിക കിട്ടുന്നില്ലെന്നു പറയുന്നതു കഷ്ടമാണു്. ഈ മാസ്സ് ൩൦-ാം തീയതിക്കകം പണം (മൂന്നാം പുസ്തകത്തിന്റെ വരിപ്പണത്തിൽ ഒരംശമെങ്കിലും) തരാത്തവക്കു് മാസിക അയയ്ക്കുന്നതല്ലെന്നുള്ള വിവരം ക്രൂടി അറിയിച്ചുകൊള്ളുന്നു.

മാനേജർ.

പഞ്ചാംഗം.

മാസ്സ് ൩൫.

(മാർ യെയൂസേപ്പുപുണ്യവാന്റെ വണക്കമാസം.)

ഇം.	മല.	
൫.	൫൭. ഞാ.	✠ നോ. ൧-ാംഞാ. കദ്. ൩. ഹറാ
൬.	൧൮. ഞാ.	✠ നോ. ൨-ാംഞാ. ഹറാ. ൪. കദ്.
൭൫.	൧. ഞാ.	✠ നോ. ൪-ാംഞാ. കദ് ൫. മെസ്.
൭൯.	൩൦.വ്യാ.	മാർയേയൂസേപ്പിന്റെ മരണത്തിരുനാൾ
൧൦.	൯. ഞാ.	✠ നോ. ൫-ാംഞാ. ഹറാ. ൩൦. ഹറാ.
൧൫.	൭൧. ബു.	✠ എ. ഭാ. ക. മറിയ. മംഗലവാത്ത
൧൯	൭൩. ഞാ.	✠ നോ. ൩൦-ാം. (ഓശാന) ഹറാ. ൫ ഹറാ.

Reg. No. T. 213. വേ. പ്ര. മലയാളം.

പ്രത്യേകനോട്ടീസ്.

ഒന്നാമതൽ ആരുവരെ കൂപ്പികൊണ്ടു നിറയ്ക്കാവുന്ന സോഡാ വെ
ഷ്യൻസും, സോഡാക്കുപ്പി, ഗ്യാസ്സുകുറ്റി, എസൻസു, റബർബ്രഷ്
സൈക്കിൾ, ഗ്രാമഫോൺ, പ്ലെയിറ്റ്സു് ഹർമ്മോണിയം മുതലാ
യ സ്റ്റൈറവു്, പെറ്റ്റോമാക്സു്. ബെബിലാൻേറൺ
ക്കു് ആദിയായവിളക്കുകളും ഇവയുടെ ഓരോ സാധ
നങ്ങ തമായ വിവരം ക്ലിക്കും കൊടുക്കുന്നതാണു്. ക്ലാ
സ്സാമാനങ്ങൾ കുറഞ്ഞ ചാർജ്ജിൽ കേടുപാടു പോക്കി
കൊടുപ്പാനും തയ്യാറുണ്ടു്.

N. B. പരസഹായംകൂടാതെ ഇംഗ്ലിഷ്ഭാഷ അഭ്യസിക്കു
ന്നതിനു് ഒന്നുമുതൽ അഞ്ചുവരെ ഭാഗങ്ങളായി പുസ്തകങ്ങളും വി
ൽപനയ്ക്കുണ്ടു്. പുസ്തകം ഒന്നിനു് 2 ചക്രം. മൊത്തമായി എ
ടുക്കുന്നവർക്കു് പ്രത്യേക കമ്മീഷനുണ്ടു്. കൂടുതൽ അറിയേണ്ടവ
ർ ആവശ്യപ്പെടുക.

ചക്കുപുരയ്ക്കൽ ഇട്ടിയവിരാ ജോസഫ്
ഫാക്റ്ററി ചങ്ങനാശേരി.

പാരസ്യം.

1. ആയുർവ്വേദചികിത്സയ്ക്കും പുറമെ ആയുർവ്വേദശാസ്ത്രോക്തങ്ങ
ളായ അരിഷ്ടാസവങ്ങൾ, എണ്ണ, കുഴമ്പുകൾ, ഘൃതഗുളികകൾ, കസ്
തൂരി, പച്ചകർപ്പൂരം തുടങ്ങിയമേൽമരുന്നുകൾ വിവിധങ്ങളായ ആ
സ്ത്രിമരുന്നുകൾ, പാറോപൊവ്റർ, മെല്ലിൻസ് ഫുഡ് ആദിയാ
യ കുപ്പിമരുന്നുകൾ, ക്ലോറിനും വെള്ള അസറ്റിക് ആസിഡ് മുതലാ
യവയും, 2. തുകലിലും സ്റ്റീലിലുമുള്ളട്രങ്കുകൾ, സൂട്ടുകേസുകൾ, സിമ
ൻറ് മുള്ളുകമ്പി, വജ്രകരത്തരങ്ങൾ, നഗരത്തകിട്, ചായങ്ങൾ വാ
ർണ്ണീഷുകൾ തുടങ്ങിയുള്ള ഇരുമ്പുകട സാധാരണങ്ങളായ സാമാന
ങ്ങളും, 3. കർബാനക്കുപ്പായങ്ങൾ, വൈലിക, കുരിശുമാല, മുത്തുക്കു
ടമുതലായ ദേവാലയങ്ങൾക്കുംമറ്റും പറ്റിയ പട്ടുതരങ്ങൾ, വാൻസി
തുണിത്തരങ്ങൾ, റോന്തകൾ, പീഠകങ്ങൾ, തൊങ്ങലുകൾ, വില്ലസ്സ് ഇ
ത്യാദിയും 4. പലേഖനത്തിലും വലിപ്പത്തിലുമുള്ള ഒന്നാംതരം മെഴ
കുതിരികളും മൊത്തമായും ചില്ലറയായും സഹായവിലയ്ക്കു് സദാവി
ൽപ്പെടുന്നതാകുന്നു. 5. മുക്കുകണ്ണാടികളും ഉപകരണങ്ങളും തയാറു
ണ്ടു്. എന്നു്

വൈദ്യൻ കെ. ഐ. തയ്യിൽ, ചന്ത, ചങ്ങനാശേരി.

Printed and published by *Rev. Fr. M. Alakalam* at the St. Joseph's Orphanage press, Changanacherry